# ബൈബിൾ
# ദൂത്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to,

Editor
THE BIBLE TEACHER
C–22 N. D. S. E.2
New Delhi-110049

# ബൈബിൾ ട്രൂത്ത്

**Editors**


P. K. VARGHESE — J. C. CHOATE

*** *** ***

**Published by church of christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിൻെറ പുനരേകീകരണം

Vol 4 — September 1990 — No. 6


സാധാരണക്കാരന്നു നേരെ ആക്രമണമുണ്ടാകുകയോ, സാധാരണ ഒരു സ്ത്രീയെ ആരെങ്കിലും മർദ്ദിക്കുകയോ ബലാൽസംഗം ചെയ്യുകയോ ചെയ്താൽ അതു അധികമാരും അറിഞ്ഞെന്നു വരികയില്ല. ഗജറോള എന്ന സ്ഥലത്ത് ഒന്നിലധികം കന്യാസ്ത്രീകൾ എന്നറിയപ്പെടുന്നവരെ ബലാൽസംഗം ചെയ്ത സംഭവം പത്രങ്ങളിൽ വന്നു. അതു മതപരമായ ഒരു കടന്നാക്രമണമായി ചിത്രീകരിച്ചു. രാഷ്ട്രീയക്കാരെസ്വാധീനിച്ച് ഗവൺമെൻറിൻെറ സംരക്ഷണം തേടി. മതപരമായി പ്രവർത്തിക്കുന്നവരെങ്കിൽ അവർ ജീവിക്കുന്ന സമൂഹത്തിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാൻജനങ്ങളിൽ ആത്മീയ ബോധം വളർത്തിയെടുക്കണം; തന്നെയുമല്ല ഇവർ മാതൃകാ ജീവിതം നയിക്കുകയും വേണം. ധനസമ്പാദ്യ മാർഗ്ഗമെന്ന രഹസ്യലക്ഷ്യം ഈ സാമൂഹ്യ സേവനത്തിൽ നിന്നു എടുത്തുമാററണം. ലോകരക്ഷിതാവായി വന്ന യേശു ക്രിസ്തുവിനേയും അവൻെറ ശിഷ്യന്മാരേയും അനുകരിക്കാൻ തയ്യാറാകുക. അങ്ങനെ ചെയ്താൽ സമൂഹത്തെ ഉദ്ധരിക്കാം. സംരക്ഷണത്തിനു മനുഷ്യരെ ആശ്രയിക്കേണ്ടി വരികയില്ല. കാരണം ദൈവം നമ്മോടൊപ്പമുണ്ടാകും. ഇനിയെങ്കിലും ഇതു നടത്തുന്നവർ ചിന്തിച്ച് വേണ്ട വ്യതിയാനങ്ങൾ വരുത്തുക. അങ്ങനെ ചെയ്താൽ അതിൽ ദൈവം സംപ്രീതനാകും.

പികെ വർഗീസ്

# മനുഷ്യരുടെ പരിശീലനവും പാരമ്പര്യവും

## ജെ. സി. ചോട്ട്

യേശുക്രിസ്തുവിൻെറ കാലയളവിൽ ജീവിച്ചിരുന്ന ധാരാളം ആളുകരം മതഭക്തിയുള്ളവരായിരുന്നു. അവർ ദൈവത്തിൻെറ പ്രമാണം അതേപോലെ ആത്മാർത്ഥമായി പിൻപററിയിരുന്നെങ്കിൽ അതുവളരെ നന്നായിരുന്നേനെ. അതിനു വിപരീതമായി മിക്കവരും ദൈവേഷ്ടത്തിൽ നിന്നു വ്യതിചലിച്ച് മനുഷ്യരുടെ ആചാരങ്ങളേയും പാരമ്പര്യങ്ങളേയും അനുസരിച്ചു ജീവിച്ചു. ഒരിക്കൽ പരീശന്മാരും സദൂക്യരും യേശുവിൻെറ അടുക്കൽ വന്നു ചോദിച്ചു. 'നിൻെറ ശിഷ്യന്മാർ പൂർവ്വികന്മാരുടെ സമ്പ്രദായം ലംഘിക്കുന്നതു എന്ത്? അവർ ഭക്ഷിക്കുമ്പോരം കൈ കഴുകുന്നില്ലല്ലോ എന്നുപറഞ്ഞു (മത്തായി 15:2). ആഹാരം കഴിക്കുന്നതിനു മുൻപ് കൈ കഴുകുന്നതിൽ യാതൊരു തെററുമില്ല. ഭക്ഷണത്തിനു മുൻപ് കൈ കഴുകിയില്ലെങ്കിൽ അതു പാപവുമല്ല. ആഹാരത്തിനു മുൻപ് കൈകഴുകുന്നതിനു പ്രാധാന്യം കല്പിച്ചിരുന്ന പരീശന്മാരും സദൂക്യരും കരുതിയിരുന്നതു ഒരാരം ഇങ്ങനെ കൈ കഴുകാതിരുന്നാൽ അതു തെററാണ് എന്നായിരുന്നു. ഈ കാര്യത്തിൽ ദൈവം ഏർപ്പെടുത്താത്ത ഒരു ചട്ടത്തെ അവർ ആളുകളിൽ അടിച്ചേല്പ്പിക്കുകയാണ് ചെയ്തിരുന്നത്. പക്ഷേ ഈ സമ്പ്രദായത്തെച്ചൊല്ലി മററുള്ളവരിൽ കുററം ചുമത്താൻ ആഗ്രഹിച്ചിരുന്നവർ തന്നെയാണ് വാസ്തവത്തിൽ കുററക്കാർ.

നമ്മുടെ കർത്താവ് അവരുടെ ചോദ്യത്തെ എങ്ങനെയാണ് പ്രതികരിച്ചത്? അവൻ അവരോടു യോജിച്ചോ? തിരസ്ക്കരിച്ചോ? അതോ അതിന് ഉത്തരം നൽകിയോ? അവൻ പറഞ്ഞത് എന്തെന്ന് കേരംക്കുക. 'അവൻ അവരോട് ഉത്തരം പറഞ്ഞത്: നിങ്ങളുടെ സമ്പ്രദായം കൊണ്ടു നിങ്ങരം ദൈവകല്പനയെ ലംഘിക്കുന്നത് എന്ത്? അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയോ അമ്മയെയോ ദുഷിക്കുന്നവൻ മരിക്കേണം എന്നും ദൈവം കല്പിച്ചുവല്ലോ. നിങ്ങളോ ഒരുത്തൻ അപ്പനോടു എങ്കിലും അമ്മയോടു എങ്കിലും നിനക്കു എന്നാൽ ഉപകാരമായി വരേണ്ടതു വഴിപാടു എന്നു പറഞ്ഞാൽ അവൻ അപ്പനെ ബഹുമാനിക്കേണ്ടാ എന്നു പറയുന്നു; ഇങ്ങനെ നിങ്ങളുടെ

സമ്പ്രദായത്താൽ നിങ്ങൾ ദൈവവചനത്തെ ദുർബ്ബലമാക്കിയിരിക്കുന്നു. കപട ഭക്തിക്കാരേ , നിങ്ങളെകുറിച്ച് യെശയ്യാവ് 'ഈ ജനം അധരം കൊണ്ടു എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടകന്നിരിക്കുന്നു. മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു. എന്നിങ്ങനെ പ്രവചിച്ചതു ഒത്തിരിക്കുന്നു (മത്തായി 15:3-9). യേശുക്രിസ്തുവിന് അവരോടു അതൃപ്തിയുളവായി എന്നാണ് നാം കാണുന്നതു. ദൈവത്തിന്റെ കല്പനക്കു പകരമായി അവരുടെ സമ്പ്രദായത്തെ സ്വീകരിച്ചതുകൊണ്ട് അവർ ദൈവകല്പനയെ ലംഘിക്കുന്നവരായിരുന്നു. അധരം കൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നവരും ഹൃദയം ദൈവത്തിൽനിന്നും വിദൂരത്തിലായിരുന്നവരുമായിരുന്നു അവർ. അതുകൊണ്ട് അവൻ അവസാനിപ്പിച്ചതു, അവർ മനുഷ്യരുടെ ഉപദേശപ്രകാരമുള്ള കല്പനകളെ പ്രവർത്തിച്ചു നടത്തുന്ന ആരാധന വെറുതെയാണ് എന്നു പറഞ്ഞുകൊണ്ടാണ്.

വീണ്ടും ക്രിസ്തു പറയുന്നു 'നിങ്ങൾ ദൈവകല്പന വിട്ടുകളഞ്ഞ് മനുഷ്യരുടെ സമ്പ്രദായം പ്രമാണിക്കുന്നു; പിന്നെ അവൻ അവരോടു പറഞ്ഞതു: നിങ്ങളുടെ സമ്പ്രദായം പ്രമാണിപ്പാൻ വേണ്ടി ദൈവകല്പന തള്ളിക്കളയുന്നതു നന്നായി (മർക്കൊസ് 7:8-9). ദൈവേഷ്ടത്തിനു വിപരീതമായ പാരമ്പര്യങ്ങളും ആചാരങ്ങളും മനുഷ്യർ വർഷങ്ങളായി സ്വീകരിച്ചുവരുന്നു. അവർ എല്ലാം ജനിക്കപ്പെട്ടതു ഈ പാരമ്പര്യങ്ങളുടെ മദ്ധ്യേയാണ്, ആ സ്ഥിതിയിൽ അവർ വളരുന്നു. പ്രായമായവരുടെ സമ്മർദ്ദം കൂടെ ഉള്ളതിനാൽ അതിനു വിധേയരായി ചോദ്യം ചെയ്യാതെ തന്നെ ഈ അനാചാരങ്ങൾ അവർ തുടരുന്നു. ഇതുപോലെയുള്ള അന്ധമായ വിശ്വാസങ്ങളെ ദൈവം വിലക്കുക മാത്രമല്ല; അതു ദൈവ സന്നിധിയിൽ കുററകരമായ കൃത്യമായി ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. കാരണം അതു സ്വർഗ്ഗീയമായ നിബന്ധനകളേയും വാഗ്ദാനങ്ങളേയും ദുർബ്ബലമാക്കുകയാണ്. ആകയാൽ ദൈവത്തിന്റെ പ്രമാണങ്ങൾക്കു പകരമായി മററൊന്ന് എന്തുതന്നെയായാലും അതു നാം കൈക്കൊള്ളരുത്. ആ രീതിയിലുള്ള ആത്മീയ സമീപനം കൊണ്ടുമാത്രമെ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ പററൂ.

ഒരു ക്രിസ്ത്യാനിയായി തീരുന്നതിനു മുൻപ് തന്റെ പരിതസ്ഥിതികൾ എങ്ങനെയായിരുന്നു എന്നു പൌലോസ് വിവരിക്കുന്നത്, യെഹൂദ മതത്തിലെ എന്റെ മുമ്പത്തെ നടപ്പു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാൻ ദൈവത്തിന്റെ സഭയെ അത്യന്തം ഉപദ്രവിച്ചു മുടിക്കയും എന്റെ പിതൃ പാരമ്പര്യത്തെ കുറിച്ചു അത്യന്തം എരിവേറി, എന്റെ സ്വജനത്തിൽ സമപ്രായക്കാരായ പലരെക്കാളും യെഹൂദ മതത്തിൽ അധികം മുതിരുകയും ചെയ്തു പോന്നു (ഗലാത്യർ 1:13,14). ഈ അവ

സ്ഥയിൽ നിന്നും തിരിഞ്ഞ് ഒരു യഥാർത്ഥ ക്രിസ്ത്യാനിയായി മാറിയ ശേഷം അവൻ കൊലോസ്സ്യയിലുള്ള ക്രിസ്ത്യാനികളോടു പറയുന്നു 'തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ടു ആരും നിങ്ങളെ കവർന്നു കളയാതിരിപ്പാൻ സൂക്ഷിപ്പിൻ, അതു മനുഷ്യരുടെ സമ്പ്രദായത്തിനു ഒത്തവണ്ണം, ലോകത്തിന്റെ ആദ്യ പാഠങ്ങൾക്കു ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിനു ഒത്തവണ്ണമുള്ളതല്ല (കൊലൊസ്യർ 2:8) അതേ അദ്ധ്യായത്തിൽ അവൻ തുടർന്നു രേഖപ്പെടുത്തിയിരിക്കുന്നത്, 'നിങ്ങൾ ക്രിസ്തുവിനോടുകൂടെ ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ചു മരിച്ചു എങ്കിൽ ലോകത്തിൽ ജീവിക്കുന്നവരെ പോലെ മാനുഷ കല്പനകൾക്കും ഉപദേശങ്ങൾക്കും അനുസരണമായി പിടിക്കരുത്, രുചിക്കരുത്, തൊടരുത് എന്നുള്ള ചട്ടങ്ങൾക്കു കീഴ്പ്പെടുന്നത് എന്ത്? (കൊലോസ്യർ 2:20–22). പത്രോസിന്റെ കാലയളവിലെ ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചുകൊണ്ട് അവൻ പറയുന്നത് വ്യർത്ഥവും പിതൃ പാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്നു, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊണ്ടല്ല. ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ (1 പത്രോസ് 1:18-19)

അപ്പൊസ്തലന്മാരെ ദൈവം അയച്ചതാകയാൽ അവരുടെ വാക്കുകളും ലേഖനങ്ങളും ദൈവിക പ്രമാണമായി നാം സ്വീകരിക്കണമെന്നു യേശു ക്രിസ്തു പ്രതിപാദിച്ചിട്ടുണ്ട്. വേറെ രണ്ട് സന്ദർഭങ്ങളിൽ പൌലോസ് ഇതു സൂചിപ്പിച്ചിട്ടുമുണ്ട്. ആകയാൽ സഹോദരന്മാരേ, നിങ്ങൾ ഉറച്ചുനിന്നു ഞങ്ങൾ വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചുതന്ന പ്രമാണങ്ങളെ മുറുകെ പിടിച്ചുകൊൾവിൻ (2 തെസ്സലോനിക്യർ 2:15) വീണ്ടും തുടരുന്നത്, സഹോദരന്മാരേ, ഞങ്ങളോടു പ്രാപിച്ച പ്രമാണം വിട്ടു ക്രമംകെട്ടു നടക്കുന്ന ഏതു സഹോദരനോടും അകന്നു കൊള്ളേണം എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോടു ആജ്ഞാപിക്കുന്നു (2 തെസ്സലോനിക്യർ 3:6) ഇവിടെ നിങ്ങളോടു പ്രഖ്യാപിച്ചത് എന്നു പറഞ്ഞിരിക്കുന്നതു അപ്പോസ്തലന്മാരിൽ നിന്നു പ്രാപിച്ചതു എന്നാണർത്ഥം. അവർ എല്ലാവരും ദൈവ ശ്വാസീയരായിരുന്നു. ദൈവാത്മാവ് അവരെ വഴി നടത്തിയിരുന്നു ദൈവശ്വാസീയരല്ലാതെ സാധാരണ മനുഷ്യരുടെ ആചാരങ്ങളും പാരമ്പര്യ വിശ്വാസ പ്രമാണങ്ങളും അനുസരിക്കുമ്പോൾ അതു ദൈവീകമല്ലാതാകും രണ്ടും തമ്മിലുള്ള അന്തരം വളരെയാണ്. വ്യത്യാസം സ്പഷ്ടമാണ്, ഫലത്തിലും വ്യത്യാസം അനുഭവിക്കേണ്ടി വരും.

മനുഷ്യ നിർമ്മിതമായ പാരമ്പര്യ വിശ്വാസവും അനാചാരങ്ങളും ഒന്നാം നൂറ്റാണ്ടിൽ മാത്രമല്ല. എല്ലാ തലമുറകളിലും കാണപ്പെടുന്ന

ഒരു വാസനയാണിത്. അന്നു മുതൽ ഇന്നു വരെ ഇതെല്ലാം നിലനിൽക്കാൻകാരണംമനുഷ്യർ തന്നെ. ഇതുനമ്മുടെ ആത്മാക്കളെബാധിക്കുന്ന കാര്യമാകയാൽ ലാഘവത്തോടെ തള്ളിക്കളയാൻ സാദ്ധ്യമല്ല. നമ്മുടെ ഇന്നത്തെ കാലയളവിൽ നാമധേയ വിഭാഗങ്ങളിൽ അടിയുറച്ചു പോകുന്ന എത്ര ആളുകളാണ് ഈ അവസ്ഥയിൽ മുന്നോട്ടു പോകുന്നത്. വിദ്യാഭ്യാസമോ സംസ്ക്കാരമോ, സാമ്പത്തികമോ ആയ ഉയർച്ചയോ താഴ്ചയോ ഗണ്യമാക്കാതെ അവരെല്ലാം അതു അനുഷ്ഠിച്ചു പോകുകയാണ്. മനുഷ്യരാൽ നല്കപ്പെട്ട മതപരമായ പേരുകൾ മനുഷ്യ മനസ്സിൽ നിന്നും രൂപം കൊടുത്ത ആരാധനാ രീതികൾ, വ്യത്യസ്ഥ രീതിയിലുള്ള പരിശീലനങ്ങൾ, പെരുന്നാളുകൾ, ആഘോഷങ്ങൾ നിയമാവലികൾ ഇങ്ങനെ നീണ്ടുപോകുന്ന ഈ കാര്യങ്ങൾ ഒന്നും തന്നെ ദൈവം നല്കിയിരിക്കുന്ന തന്റെ ഏക വെളിപ്പാടായ ബൈബിളിൽ ഇല്ല എന്നതാണ് ഖേദകരം. ഇതിൽ നിങ്ങളും ഞാനും എന്തു നിലപാട് എടുക്കുന്നു എന്നതാണ് ചോദ്യം. ദൈവത്തെക്കാളുപരി മനുഷ്യരെ അനുസരിക്കണോ? ദൈവകല്പനയെക്കാളുപരി മനുഷ്യരുടെ അനാചാരങ്ങളെ അനുസരിക്കണോ? ദൈവത്തെക്കാൾ മനുഷ്യരെ പ്രസാദിപ്പിക്കയോ? ഭൂരിഭാഗം പേരും സമൂഹത്തെയോ സമുദായത്തേയോ ഭയപ്പെട്ടുകൊണ്ട് ചോദ്യം ചെയ്യാതെ അനുസരിക്കുകയാവാം. ഇല്ലെങ്കിൽ അവരെ ഒററപ്പെടുത്തികളയും എന്നതാണ് ഭയത്തിനുള്ള കാരണം. പക്ഷെ നമ്മുടെ ആത്മാവിനെ നഷ്ടപ്പെടുത്തിയിട്ട് മനുഷ്യരെ പ്രീതിപ്പെടുത്തുന്നതിൽ ഏതൊരു നീതീകരണമാണുള്ളത്? ആത്മാവിനെ നശിപ്പിക്കുന്ന ഇത്തരം ദുരാചാരങ്ങളെല്ലാം ദുഷിച്ച പാരമ്പര്യ വിശ്വാസങ്ങളേയും തള്ളിക്കളഞ്ഞ് നമ്മെ രക്ഷിക്കുവാൻ കഴിവുള്ള ദൈവത്തെ മാത്രം അനുസരിക്കുക.

പലർക്കും മതപരമായ കാര്യങ്ങളിൽ എരിവും വാശിയും ഉള്ളതായികാണാം. നാമധേയ വിഭാഗങ്ങളിലുള്ള അവരുടെ തീക്ഷ്ണതയും ആത്മാർത്ഥതയും അഭിനന്ദനാർഹം തന്നെയാണ്. പക്ഷേ അതുചെയ്യുന്നതു നിഷ്ഫലമായിപ്പോയാലോ? നിങ്ങൾ എപ്പോഴെങ്കിലും പുണ്യഭൂമിയെന്നറിയപ്പെടുന്ന യെരുശലേമിൽ പോയാൽ അവിടെ കെട്ടിയുയർത്തിയിട്ടുള്ള വ്യത്യസ്ഥ വിഭാഗങ്ങളുടെ പള്ളികളിലെല്ലാം തന്നെ അനേക തരത്തിലുള്ള ആചാരങ്ങൾ കാണാവുന്നതാണ്. ഇതെല്ലാം എവിടെ നിന്നുവന്നു? പല തലമുറകൾ കൈമാറി ഇന്നത്തെ ആളുകളിലേക്കു എത്തിയിരിക്കുകയാണ്. ഇവയെല്ലാം, ചിലർക്കു അവർ ചെയ്യുന്നതായ ചടങ്ങുകൾ എന്തിനുവേണ്ടി ചെയ്യുന്നുവെന്നു അറിഞ്ഞുകൂടാ; ബാല്യത്തിൽ ലഭിച്ച നിർദ്ദേശപ്രകാരം അവർ അങ്ങനെ ചെയ്തുവരുന്നു എന്നുള്ളതിൽ അധികം ഒന്നും അവർക്ക് അറിഞ്ഞുകൂടാ. അവരുടെ സ്വഭാവത്തിൽ അലിഞ്ഞുചേർന്നതു

പോലെ ഒരു ശീലമായി അവ മാറിയിരിക്കുന്നു. എത്ര ഖേദകരമാണെന്നു ചിന്തിച്ചു നോക്കു.

ക്രിസ്തുമസ്, ഈസ്റ്റർ തുടങ്ങിയ മതപരമായ ദിവസങ്ങൾ വളരെ ആഘോഷപൂർവ്വം കൊണ്ടാടുന്നു. അതെന്തിനുവേണ്ടിയെന്നോ ആരുടെ അധികാര പ്രകാരമെന്നോ ആരും ചോദിക്കുന്നേ ഇല്ല. തിരുവെഴുത്തിൽ ഈ ആഘോഷങ്ങൾക്കോ ദിവസങ്ങൾക്കോ യാതൊരു അടിസ്ഥാനവുമില്ല. ആരുടെയോ ബുദ്ധിയിൽ എപ്പോഴോ ആരംഭിച്ചതായ ആചാരം പിന്നീട് പലതരം ചടങ്ങുകളാൽ കൂട്ടിച്ചേർക്കപ്പെട്ടു വർഷംതോറും ആവർത്തിച്ചുകൊണ്ടിരുന്നു. പരമ്പരാഗതമായി അവയ്ക്കു രൂപഭേദങ്ങൾ വരുത്തി ഇന്നുവരെ നിലനില്ക്കുന്നു. ഇത്തരം അനാചാരങ്ങളെ എതിർക്കുന്നവർ ദൈവവിശ്വാസികളല്ലെന്നും അവർ ദൈവകോപത്തിനിരയായിതീരും എന്ന അന്ധമായ ധാരണയും നിലവിലുണ്ട്. എന്നാൽ ദൈവം പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ വിശ്വസിക്കുന്നവരാണ് വാസ്തവത്തിൽ അവിശ്വാസികൾ. അങ്ങനെയുള്ള പ്രവൃത്തികൾ ചെയ്യുന്നവരാണ് ദൈവകോപത്തിനിരയായി തീരുന്നവർ. കർത്താവ് ഈ ഭൂമിയിൽ ഇന്നു ജഡത്തിൽ ജീവിക്കുകയാണെങ്കിലോ? ഈ കാര്യങ്ങളെ കുറിച്ച് അവൻ എന്തു പറയുമായിരിക്കും? ശരിയായ ചോദ്യം ഇതാണ്. എത്രപേർ അവന്റെ വാക്കുകൾ ശ്രദ്ധിക്കും? യേശുക്രിസ്തു തന്റെ ലൗകിക ജീവിതകാലയളവിൽ പഠിപ്പിച്ചിട്ടും പരീശന്മാരും സദൃക്യരും അവരുടെ സമ്പ്രദായങ്ങളിൽ തുടർന്നും ജീവിച്ചിരുന്നതുപോലെ തന്നെ ഇന്നും ഭൂരിഭാഗം ജനങ്ങളും യേശുക്രിസ്തു നേരിട്ടുവന്നുപറഞ്ഞാൽ പോലും അതു ഗൗരവമായി എടുക്കാതെ തങ്ങൾ അനുഷ്ഠിച്ചു പോന്നതു തുടരും.

പ്രിയ സ്നേഹിതരേ, ഒരു സുപ്രധാനമായ ചോദ്യം നിങ്ങളോടു ചോദിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ക്രിസ്തുവിനെയാണോ അതോ മനുഷ്യരുടെ പാരമ്പര്യമായ ആചാരങ്ങളെയാണോ പിൻപറ്റുന്നത്? നിങ്ങൾ മതപരമായി പറയുന്നതും പ്രവൃത്തിക്കുന്നതും ദയവുചെയ്തു കാര്യമായി ഒന്നു പരിശോധിക്കുക. കർത്താവ് എന്തു പറഞ്ഞിരുന്നാലും ഞാൻ ഇതുതന്നെ ചെയ്യും എന്നാണോ നിങ്ങൾ കരുതുന്നത്? താല്ക്കാലികവും നിഷ്പ്രയോജനവുമായ ചടങ്ങുകൾ നിങ്ങളെ ആത്മീയമായി രക്ഷിക്കും എന്നു നിങ്ങൾക്കു തോന്നുന്നുവോ? യേശുക്രിസ്തുവിനും അവന്റെ വചനത്തിനും മാത്രമേ നമ്മെ രക്ഷിപ്പാൻ കഴിയു (യോഹന്നാൻ 12:48). നിങ്ങൾ ചെയ്യുന്ന മതപരമായ തെറ്റുകൾ തിരുത്തുവാൻ ഇപ്പോഴും സമയമുണ്ട്. നിങ്ങളുടെ ഹൃദയം കഠിനപ്പെടുത്താതെ താഴ്മയോടെ ദൈവത്തിനു കീഴ്പ്പെടുത്തുക. മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേണ്ടതു അത്യുത്തമമല്ലൊ. നിങ്ങൾ വചനപ്രകാരം ഒരു ക്രിസ്ത്യാനിയായിത്തീർന്നിട്ടില്ലെങ്കിൽ ദൈവവചനത്തിൽ വിശ്വസിച്ച് അതനുസരിച്ചു ജീവിക്കുക, മാനുഷിക ചടങ്ങുകൾ വിട്ടുകളയുക. ക്രിസ്ത്യാനിയായിതീർന്നുവെങ്കിൽ വീണ്ടും ഇത്തരം വിലക്കപ്പെട്ട പാരമ്പര്യ വ്യവസ്ഥകളിലേക്കു മടങ്ങിപോകാതിരിക്കുക. ജീവനുള്ള ദൈവത്തിന്റെ കൈയിൽ വീഴുന്നതു എത്രഭയങ്കരം!

# ധനമോഹത്താൽ നഷ്ടപ്പെടുന്നവർ

സണ്ണി ഡേവിഡ്

പുതിയ നിയമ താളുകളിൽ, മത്തായിയുടേയും മർക്കോസിന്റേയും ലൂക്കോസിന്റേയും വിവരണങ്ങളിൽ വളരെ മനോഹരവും എന്നാൽ ഖേദകരവുമായ ഒരു സംഭവം നാം കാണുന്നുണ്ട്. ശക്തവും പ്രായോഗികവുമായ നിരവധി പാഠങ്ങൾ ഈ ഭാഗങ്ങളിൽ നിന്നും നമുക്കു പഠിക്കുവാൻ കഴിയും; മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്നതു നമുക്കു പരിശോധിക്കാം. 'അവൻ പുറപ്പെട്ടു യാത്ര ചെയ്യുമ്പോൾ ഒരുവൻ ഓടി വന്നു അവന്റെ മുമ്പിൽ മുട്ടുകുത്തി. നല്ല ഗുരോ നിത്യജീവനെ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യേണം എന്നു അവനോടു ചോദിച്ചു. അതിനു യേശു എന്നെ നല്ലവൻ എന്നു പറയുന്നതു എന്തു്? ദൈവം ഒരുവൻ അല്ലാതെ നല്ലവൻ ആരും ഇല്ല. കൊല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയരുത്, ചതിക്കരുത്, നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക, എന്നീ കല്പനകളെ നീ അറിയുന്നുവല്ലോ, എന്നു പറഞ്ഞു.'

'അവൻ അവനോടു: ഗുരോ, ഇതൊക്കെയും ഞാൻ ചെറുപ്പം മുതൽ പ്രമാണിച്ചു പോരുന്നു എന്നു പറഞ്ഞു. യേശു അവനെ നോക്കി അവനെ സ്നേഹിച്ചു ഒരു കുറവു നിനക്കുണ്ട്, നീ പോയി നിനക്കുള്ളത് എല്ലാം വിറ്റു ദരിദ്രർക്കു കൊടുക്ക, എന്നാൽ നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും; പിന്നെ വന്നു എന്നെ അനുഗമിക്ക എന്നു പറഞ്ഞു അവൻ വളരെ സമ്പത്തുള്ളവൻ ആകകൊണ്ടു ഈ വചനത്തിങ്കൽ വിഷാദിച്ചു ദുഃഖിതനായി പൊയ്ക്കളഞ്ഞു (മർക്കൊസ് 10:17-22) യേശു ചുറ്റും നോക്കി തന്റെ ശിഷ്യന്മാരോടു സമ്പത്തുള്ളവൻ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം എന്നു പറഞ്ഞു. അവന്റെ ഈ വാക്കിനാൽ ശിഷ്യന്മാർ വിസ്മയിച്ചു. എന്നാൽ യേശു പിന്നെയും മക്കളേ, സമ്പത്തിൽ ആശ്രയിക്കുന്നവൻ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം? ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം എന്നു ഉത്തരം പറഞ്ഞു. അവർ ഏറ്റവും വിസ്മയിച്ചു. എന്നാൽ രക്ഷ പ്രാപിപ്പാൻ

ആർക്കു കഴിയും എന്നു തമ്മിൽ തമ്മിൽ പറഞ്ഞു. യേശു അവരെ നോക്കി, മനുഷ്യർക്കു അസാദ്ധ്യം തന്നേ, ദൈവത്തിനു അല്ല താനും; ദൈവത്തിനു സകലവും സാദ്ധ്യമല്ലേ എന്നു പറഞ്ഞു (മർക്കൊസ് 10;23-27)

ഈ മനുഷ്യൻ യേശുവിന്റെ അടുക്കൽ വരുന്നതു വളരെ ആവേശത്തോടെയായിരുന്നു. യേശുക്രിസ്തുവിനെ സംബന്ധിച്ച് അനേകം അത്ഭുതകരമായ കാര്യങ്ങൾ കേട്ടുകൊണ്ടാണ് വന്നിരിക്കുന്നത്, യേശു ആ വഴിയായി കടന്നു പോകുന്നു എന്നറിഞ്ഞ് അവനെ കാണുവാൻ ഓടി വന്നതാണ്. സാധാരണ രീതിയിൽ നടക്കുകയായിരുന്നില്ല ഓടുകയായിരുന്നു. എങ്ങനെയെങ്കിലും അവനെ കണ്ടേ തീരൂ എന്ന നിഗമനമായിരുന്നു അങ്ങനെ ഓടുവാൻ കാരണം. ലഭിച്ചിരിക്കുന്ന അവസരത്തെ ശരിയായി കണ്ടു ഗൗരവമായി കണക്കിലെടുക്കുകയും ചെയ്തു. തന്റെ ചോദ്യത്തിനു ശരിയായ ഉത്തരം യേശുക്രിസ്തുവിൽ ഉണ്ട് എന്നു വിശ്വസിച്ചിരുന്നതുകൊണ്ടാണ് അവന്റെ അടുക്കലേക്കു തന്നെ പോകുവാൻ കാരണം. കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നതു എന്നു യേശു തന്റെ ശുശ്രൂഷാവേളയിൽ പ്രസ്താവിക്കുകയുണ്ടായി (ലൂക്കൊസ് 19:10). അവൻ ആളുകളെ ക്ഷണിക്കുന്നുമുണ്ടായിരുന്നു. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൌമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏററുകൊണ്ടു എന്നോടു പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവുമാകുന്നു (മത്തായി 11:28-30). ഇന്നു അവന്റെ നാമം പ്രസംഗിക്കപ്പെടുന്നുവെങ്കിലും അവന്റെ സുവിശേഷം ഘോഷിക്കപ്പെടുന്നുവെങ്കിലും അവനെക്കുറിച്ച് കേൾക്കുന്ന എല്ലാവരും അവന്റെ അടുക്കൽ വരുന്നില്ല. നീട്ടിവെക്കുന്നവർ അനുസരിക്കാതെ അവസാനം ന്യായവിധിയിൽ നഷ്ടപ്പെട്ടു പോകും.

യേശുക്രിസ്തുവിന്റെ അടുക്കലേക്കു വരുന്നതിന്റെ പ്രാധാന്യം അനേകമാളുകൾക്ക് തിരിച്ചറിയാൻ കഴിയുന്നില്ല. അവർ ഈ ലോകത്തു ജീവിക്കുമ്പോൾ തങ്ങളിൽ സ്ഥിതിചെയ്യുന്ന ആത്മാക്കളുടെ വിലയും അവർ മനസ്സിലാക്കുന്നില്ല. ഒന്നാം നൂററാണ്ടിലെ അതേ ദൈവീക സന്ദേശം ഇന്നും പുതുമ മാറാതെ തന്നെ നിലനില്ക്കുന്നുണ്ട്. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹന്നാൻ 3:16). പക്ഷേ ജനങ്ങൾ ആ സന്ദേശത്തെ ഗൗരവമായി പരിഗണിച്ച് അവന്റെ ക്ഷണം സ്വീകരിക്കണം. അനശ്വരമായ ഒരു ഭാവിക്കുവേണ്ടി, അനുഗ്രഹിക്ക

പ്പെട്ട ഒരു വാസസ്ഥലത്തിനുവേണ്ടി അവൻെറ വിളി താഴ്മയോടെ കേൾക്കുകയും അവൻെറ അടുക്കൽ എത്തുകയും ചെയ്യുക.

പ്രതിപാദ്യപുരുഷൻ യേശുവിൻെറ അടുക്കൽ വന്നുമുട്ടുകുത്തി അവനെ നമസ്കരിച്ചു. യേശുവിനെ ബഹുമാനിച്ചിരുന്ന ഒരാളായിരുന്നു അയാൾ. അവൻെറ മുൻപിൽ അവൻ തന്നെത്താൻ താഴ്ത്തി. വിനയ സ്വഭാവം ഉണ്ടായിരുന്നു എന്നു കൂടെ നമുക്കു കാണാം. അതും വചനാനുസരണം തന്നെയായിരുന്നു. "അതുകൊണ്ടു അവൻ തക്ക സമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിൻെറ ബലമുള്ള കൈക്കീഴു താണിരിപ്പിൻ (1 പത്രൊസ് 5:6) കർത്താവ് പഠിപ്പിച്ചതും മററൊന്നായിരുന്നില്ല. "നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയ് വരുന്നില്ലാ എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏററവും വലിയവൻ ആകുന്നു (മത്തായി. 18:3-4) ചിലർക്ക് ഇന്നു ക്രിസ്തുവിങ്കലേക്കു വരുവാൻ ആഗ്രഹമുണ്ട്. പക്ഷേ അവരുടെ ദുരഭിമാനം അവരെ തടുത്തു കളയുന്നു. അങ്ങനെയുള്ളവർ പള്ളി പ്രമാണിമാരെപ്പോലെയുള്ളവരാണ്. അവർ യേശുക്രിസ്തുവിനെ അനുസരിച്ചാൽ പള്ളിഭ്രഷ്ടർ ആയാലോ എന്നു ഭയപ്പെട്ടു. അതായതു കർത്താവിൻെറ കല്പനകൾ അനുസരിച്ച് യഥാർത്ഥ ക്രിസ്ത്യാനികളായിതീർന്നു എന്ന് സമുദായത്തിലെ അദ്ധ്യക്ഷന്മാരും ഉയർന്ന പദവിയിലുള്ളവരും അറിഞ്ഞാൽ അങ്ങനെയുള്ളവരുടെ വിവാഹമോ, അവർ മരിച്ചാൽ അടക്കമോ ചെയ്തു കൊടുക്കയില്ല എന്നും വേണ്ടിവന്നാൽ അവരെ പള്ളിയിൽ നിന്നും പുറത്താക്കി കളയുമെന്നും പള്ളിക്കാർ ഭീഷണിയുയർത്തിയേക്കും. ആത്മരക്ഷക്കായി ദൈവത്തെ അനുസരിക്കണോ അതൊ ഭൌതിക കാര്യങ്ങൾക്കുവേണ്ടി ആത്മാവിനെ നഷ്ടപ്പെടുത്തണോ?

അടുത്തതായി നാം വായിക്കുന്നതു, യേശുവിൻെറ അടുക്കൽ വന്ന മനുഷ്യൻ യേശുവിനെ വിളിച്ചതു "നല്ലഗുരോ" എന്നാണ്. യേശുക്രിസ്തുവിൻെറ ശക്തമായ ഉപദേശങ്ങളെകുറിച്ച് അവൻ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്തിരിക്കകൊണ്ട് അതിൽ ദുരുദ്ദേശം ഉള്ളതായി കാണുന്നില്ല. കർത്താവിനെ അവൻ മാനിക്കുകയും പുകഴ്ത്തുകയും ചെയ്തതിൻെറ അടയാളമായിരുന്നു നല്ലഗുരോ എന്ന സംബോധന. എന്നാൽ യേശു അവനോടു നീ എന്നെ നല്ലവൻ എന്നു പറയുന്നതു എന്ത്? ദൈവം ഒരുവൻ അല്ലാതെ നല്ലവൻ ആരും ഇല്ല. തീർച്ചയായും അവൻ ദൈവത്തിൻെറ സാദൃശ്യവും മഹത്വവും ഉൾക്കൊണ്ടിരുന്ന ദൈവ പുത്രനായിരുന്നതിനാൽ അവൻ നല്ലഗുരോ എന്നു വിളിക്കപ്പെടുവാൻ യോഗ്യതയുള്ളവനായിരുന്നു. (എബ്രായർ.

(ശേഷം 23-ാം പേജിൽ)

# എളിമ

ജെ. ഫ്രാൻസീസ് BA, LLB

നമുക്കു ചുററും കാണുന്ന മനുഷ്യരിൽ ഇന്നു എളിമയില്ലായ്മ വളരെയധികമായി കണ്ടു വരുന്നു. തങ്ങളുടെ അധികാരങ്ങൾ നിലനിർത്തുന്നതിനായി രാഷ്ട്രീയക്കാർ എന്തു കള്ളത്തരങ്ങൾ പറയുവാനും പ്രവർത്തിക്കുവാനും മടിക്കുന്നില്ല. ഉദ്യോഗസ്ഥന്മാരിൽ പലരും രാഷ്ട്രീയക്കാരെ പോലെ പ്രവർത്തിക്കുന്നു. മതാദ്ധ്യക്ഷന്മാർ തങ്ങളുടെ അധികാരങ്ങളും സ്ഥാനങ്ങളും മററുള്ളവരെ കാണിക്കുന്നതിനായി പല വേഷങ്ങളും കെട്ടി അഹങ്കരിക്കാതിരിക്കുന്നില്ല. നമുക്കു ചുററും ഇന്നു കാണുന്ന പല വ്യക്തികളും ഞാൻ എന്ന സ്ഥാനത്തിനു കൂടുതൽ വില കല്പിച്ചു അഹങ്കരിക്കുന്നതായി കാണാം. കുട്ടികൾ തങ്ങളാണു വലിയവരെന്നു സ്വമേധയാ ധരിച്ചു മററുള്ളവരോടു അപമര്യാദയായി പെരുമാറുവാൻ യാതൊരു പ്രയാസവും കാണിക്കുന്നില്ല. ഇതിനുള്ള കാരണം മനുഷ്യരിൽ എളിമ കാണുന്നില്ല എന്നതാണ്. ഒരു ക്രിസ്തീയ പുരോഹിതൻ അടുത്ത കാലത്തായി ഞായറാഴ്ച കുർബാന സമയത്തുചെയ്ത പ്രസംഗത്തിൽ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്. ''ഞാൻ വീര കുടുംബത്തിൽ നിന്നും വരുന്നവനാണ്. എന്നെ എതിർക്കുവാൻ ആർക്കും കഴിയുകയില്ല. അഥവാ എതിർത്താൽ അവനെ നേരിടുവാൻ എനിക്കു അറിയാം''. ഈ വാക്കുകൾ ഒരു മത പുരോഹിതനിൽ നിന്നും സാത്താൻപോലും ഒരിക്കലും പ്രതീക്ഷിച്ചു കാണുകയില്ല. ആ ഇടവകയിലെ ഒരു കൂട്ടം കുഞ്ഞാടുകൾ ഈ വാക്കുകളാൽ പ്രകോപിക്കപ്പെട്ടു. അതിന്റെ ഫലമായി അവർ വൈകുന്നേരം പള്ളിമേടയിൽ കയറി പ്രസ്തുത പുരോഹിതനെ നന്നായി കയ്യേററം ചെയ്തു. പുരോഹിതൻ അവിടെ നിന്നും ഓടി രക്ഷപ്പെട്ടു. നാളിതുവരെ അദ്ദേഹം ആ ഇടവകയിൽ തിരിഞ്ഞു നോക്കാൻ പോയിട്ടില്ല. പോയാൽ അദ്ദേഹത്തിനു ഇനി ആ ഇടവകയിൽ നിന്നും ഓടി രക്ഷപ്പെടുവാൻ കഴിയുകയില്ല താനും.

മാനത്തിനു വിനയം മുന്നോടിയാകുന്നുവെന്നും, മാനത്തിനു മുമ്പേയുള്ള ഒന്നാണു താഴ്മയെന്നും സങ്കീർത്തനം 15:38; 18:12 എന്നീ വാക്യങ്ങളിൽ വിശദമാക്കുന്നു. ജീവിതാരംഭം മുതൽ അവസാനം വരെ എളിമയിൽ കഴിഞ്ഞിരുന്ന ഏക മനുഷ്യനാണു യേശു,

കാരണം ദൈവമായിരുന്ന യേശു മനുഷ്യ വർഗ്ഗത്തിന്റെ രക്ഷക്ക് മനുഷ്യനായി അവതരിക്കുവാൻ തീരുമാനിച്ചു. ആ തീരുമാനം നട പ്പിൽ വരുത്തുന്നതിനായി അവൻ തിരഞ്ഞെടുത്ത വ്യക്തികൾ എളി മയുള്ളവരായിരുന്നു. അവതാരത്തിനായി തിരഞ്ഞെടുത്ത ഗർഭപാത്രം സ്വഭാവശുദ്ധിയും ദൈവ ഭക്തിയുമുള്ള മേരിയെന്ന കന്യകയുടേ തായിരുന്നു. സ്വന്തപിതാവല്ലായെങ്കിൽ തന്നെയും പിതാവിന്റെ സ്ഥാനത്തിനായി തിരഞ്ഞെടുക്കപ്പെട്ടത് ദൈവഭക്തിയും നീതി യും എളിമയും നിറഞ്ഞ തച്ചനായ യോസേഫായിരുന്നു. ജനിക്കു വാൻ തിരഞ്ഞെടുത്ത സ്ഥലം പശുത്തൊഴുത്ത്. ക്രിസ്തു വളർന്ന പ്പോൾ സാധാരണക്കാരുമായി ഇടപെട്ടു. അനീതിയെ എതിർത്തു. അവസാനമായി തിരഞ്ഞെടുത്തതുമരണം: കുററവാളി അല്ലാതിരു ന്നിട്ടും ശപിക്കപ്പെട്ട കുരിശു മരണം. അങ്ങനെ ക്രിസ്തു മനുഷ്യ ജീവിതാരംഭം മുതൽ അവസാനം വരെ താഴ്ന്നു.

ഒരു ചിത്രകാരൻ ചിത്രം വരക്കാൻ തുടങ്ങിയാൽ അവസാനി ക്കുന്നതുവരെ താൻ വരക്കാൻ ഉദ്ദേശിക്കുന്ന ആളിന്റെ ചിത്രം മന സ്സിൽ നിറച്ചു വെക്കും. താൻ വരക്കുന്ന ചിത്രം തന്റെ മനസ്സിലെ ചിത്രവുമായി താരതമ്യം ചെയ്തു കൊണ്ടായിരിക്കും ചിത്രപ്പണി അദ്ദേഹം പൂർത്തിയാക്കുന്നത്. ഈ അവസരത്തിൽ മററൊരാളുടെ ചിത്രമാണു മനസ്സിൽ വരുന്നതെങ്കിൽ വരക്കുന്ന ചിത്രം തെററും, വരച്ച ചിത്രം അപൂർണ്ണമാകും. ഇതുപോലെ നമ്മുടെ എളിമ പൂർണ്ണത യുള്ളതാണോ അപൂർണ്ണതയുള്ളതാണോ എന്നുപരിശോധിക്കണമെങ്കിൽ എളിമ നിറഞ്ഞു നിന്ന യേശുവിൽ കേന്ദ്രീകരിച്ചുകൊണ്ടു പരിശോ ധിക്കണം. കാരണം പൂർണ്ണ എളിമ അവനിൽ മാത്രമാണു ഉണ്ടായി രുന്നത്. നമ്മുടെ എളിമ താരതമ്യം ചെയ്യുന്നതിനു മുമ്പായി യേശു ആരാണെന്നും അദ്ദേഹത്തിന്റെ എളിമ എന്താണെന്നും നമുക്കു അപ ഗ്രഥിക്കാം.

യേശു സ്നാപക യോഹന്നാനിൽ നിന്നും സ്നാനം ഏററതിനു ശേഷം വെള്ളത്തിൽ നിന്നും കരയിലേക്കു കയറിയപ്പോൾ സ്വർഗ്ഗ ത്തിൽ നിന്നും പിതാവായ ദൈവം പറഞ്ഞു ഇവൻ എന്റെ പ്രിയ പുത്രൻ (മത്താ: 3:17). ക്രിസ്തുവിനെ ക്രൂശിലേററിയപ്പോൾ ഞാൻ ദൈവപുത്രനാണെന്നു അവൻ പറഞ്ഞിരുന്നതായി അതിലൂടെ വഴി കടന്നുപോയവർ പറഞ്ഞു (മത്താ: 27:43). നിങ്ങൾ എന്നെ ആർ എന്ന പറയുന്നുവെന്നു ക്രിസ്തു ശിഷ്യന്മാരോടു ചോദിച്ചപ്പോൾ നീ ജീവ നുള്ളദൈവത്തിന്റെ പുത്രനായ ക്രിസ്തുവെന്നു ശീമോൻ പത്രോസ് പറഞ്ഞു (മത്താ; 16:16). ഈ മൂന്നു പ്രസ്താവനകളും ക്രിസ്തു ദൈവ പുത്രനാണെന്നു വ്യക്തമാക്കുന്നു.

എന്റെ പിതാവു സകലവും എന്നിൽ ഭരമേല്പിച്ചിരിക്കുന്നു.

പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല. പുത്രനും പുത്രൻ വെളിപ്പെടുത്തി കൊടുപ്പാൻ ഇച്ഛിക്കുന്നവനും അല്ലാതെ ആരും പിതാവിനെ അറിയുന്നില്ല (മത്താ 11:27). ക്രിസ്തു ബാലനായിരിക്കുമ്പോൾ അമ്മയപ്പന്മാരോടൊപ്പം പെസഹാ പെരുന്നാളിനു യെരൂശലേമിൽ പോയി. തദവസരത്തിൽ ക്രിസ്തുവിനെ കാണാതാവുകയും മൂന്നാം ദിവസം കണ്ടപ്പോൾ ക്രിസ്തു അമ്മയോടു പറയുകയുണ്ടായി. എന്നെ തിരഞ്ഞതു എന്തിനു? എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടതാകുന്നു (ലൂക്കൊ 2:49). പിതാവു ചെയ്യുന്നതെല്ലാം പുത്രനും ചെയ്യുന്നു (യോഹ; 5:19). എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതു പോലെ പുത്രനെയും ബഹുമാനിക്കേണ്ടത കുന്നു; (യോ: 5:22). പിതാവിനു തന്നിൽ തന്നെ ജീവനുള്ളവൻ ആകുമാറു വരം നൽകിയിരിക്കുന്നു. (യോഹ: 5:26). ഞാൻ ഈ ലോകത്തിൽ നിന്നുള്ളവനല്ല (യോഹ: 8:23) എന്നെ അയച്ചവൻ എന്നോടുകൂടെ ഉണ്ട്. (യോഹ. 8:29) ഞാൻ ദൈവത്തിന്റെ അടുക്കൽ നിന്നു വന്നിരിക്കുന്നു (യോഹ: 8:42). അബ്രഹാം ജനിച്ചതിനു മുമ്പേ ഞാൻ ഉണ്ട് എന്നു യേശു പറഞ്ഞു (യോഹ: 8.58). ഞാനും പിതാവും ഒന്നാകുന്നു (യോഹ: 10;29). ഈ വാക്യങ്ങൾ പിതാവു പുത്രനിൽ വസിക്കുന്നുവെന്നും പുത്രൻ പിതാവിൽ ഇരിക്കുന്നുവെന്നും പിതാവും പുത്രനും ഒന്നാകുന്നുവെന്നും വ്യക്തമാക്കുന്നു.

ഇതേ സ്ഥാനമാണു പരിശുദ്ധാത്മാവിനും ഉള്ളത്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിൻ (മത്താ: 28:19). യേശു സ്നാനം ഏററു വെള്ളത്തിൽ നിന്നും കയറിയപ്പോൾ ദൈവാത്മാവു (പരിശുദ്ധാത്മാവു) പ്രാവെന്നപോലെ ഇറങ്ങി അവന്റെ മേൽ വന്നു (മത്താ: 3:16).

യേശുവിന്റെ എളിമ-ദൈവമായ യേശു മനുഷ്യനായി അവതരിച്ചു. യോസേഫും മറിയയും കൂടി വരുംമുമ്പേ അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി (മത്താ:1:18). മറിയ യേശുവിനെ ഗർഭം ധരിച്ചതു ലോകനിയമങ്ങൾക്കു വിധേയമായിട്ടല്ല. ഒരു സ്ത്രീ ഗർഭം ധരിക്കണമെങ്കിൽ പുരുഷബീജവും സ്ത്രീബീജവും തമ്മിൽ യോജിച്ചു ഗർഭാശയത്തിൽ എത്തിയിരിക്കണം. എന്നാൽ മറിയക്കു ഇതു സംഭവിച്ചില്ല. അവൾ ഗർഭം ധരിച്ചതു പരിശുദ്ധാത്മാവിനാൽ ദൈവത്തിന്റെ ശക്തികൊണ്ടു മാത്രമാണ്. പുരുഷബീജവും സ്ത്രീബീജവും തമ്മിൽ യോജിച്ചാൽ ഏതു സ്ത്രീക്കും ഗർഭം ഉണ്ടാകുമെന്നു ചിലർ പറഞ്ഞേക്കാം. ഇതിനു ദൈവസഹായം ആവശ്യമില്ലെന്നു ചിലർ വാദിച്ചേക്കാം. ഇതു ശരിയാണെങ്കിൽ ലോകത്തിൽ വിവാഹം കഴിച്ച എല്ലാ സ്ത്രീകളും ഗർഭം ധരിക്കണമായിരുന്നു. കാരണം രണ്ടു ബീജങ്ങളും സ്ത്രീയുടെ ശരീരത്തിനുള്ളിൽവച്ചു യോജിക്കാതിരിക്കുന്നില്ല. രണ്ടുപേരുടേയോ അല്ലെങ്കിൽ ഒരാളിന്റേയോ ബീജത്തിൽ

പോരായ്മകൾ ഉണ്ടെന്നു അവർ പറഞ്ഞേക്കാം. ഈ പോരായ്മകൾ നിശ്ചയിക്കുന്നതിനും പരിഹരിക്കുന്നതിനുമായി വൈദ്യശാസ്ത്രം ഇന്നു വളർന്നു വികസിച്ചു നില്ക്കുന്നു. ബീജങ്ങളിലും വ്യക്തികളിലും യാതൊരു പോരായ്മകളും ഇല്ലായെന്നു വൈദ്യശാസ്ത്രം വിധി എഴുതിയ ദമ്പതികളിൽപോലും ഒരു കുഞ്ഞ് അവരുടെ ജീവിതത്തിൽ ഉണ്ടാകാതെ പോകുന്നതു എന്തുകൊണ്ട്? ദൈവേഷ്ടം അവർക്കു ഇല്ലാതെപോയതു കൊണ്ടല്ലേ? ഈ ലോകത്തിൽ മനുഷ്യപ്രയത്നത്തിനു ദൈവസഹായം എപ്പോഴും ആവശ്യമാണ്.

ഉന്നതങ്ങളിൽ വസിക്കേണ്ട ദൈവം മനുഷ്യനായി ഈ ലോകത്തിൽ വന്നതു വെറുതെയല്ല. ആ വരവും അനുസരണക്കേട് എന്ന പാപത്താൽ മരിച്ചു ദൈവത്തിൽ നിന്നും അകന്നുപോയ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതിനുവേണ്ടി മാത്രമായിരുന്നു (യശ:35;4); (മത്താ 1:21). ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ട നാം വിശുദ്ധന്മാരായി മാറുന്നു (റോമ:8:27). ഈ വിശുദ്ധപദവിക്കുനാം അർഹതയുള്ളവരാണോ?

നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ടു ജീവശ്വാസം ഊതി (ഉല്പ: 1:7). അതോടുകൂടി മനുഷ്യൻ ജീവനുള്ളവനായിതീർന്നു. അവൻ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടു. ഈ ഛായയാണു മനുഷ്യാത്മാവു. ആത്മാവു ശരീരത്തിൽ വസിക്കുമ്പോൾ ശരീരം ജീവനുള്ളതായി തീരുന്നു. ആത്മാവു ശരീരത്തിൽ നിന്നുവേർപെടുമ്പോൾ ശരീരം മരിച്ചതായിതീരുന്നു. ഇപ്രകാരം മനുഷ്യനെ സൃഷ്ടിക്കുന്നതിനു ദൈവത്തിനു ഉദ്ദേശമുണ്ടായിരുന്നു. ആ ഉദ്ദേശമാണ് നിന്റെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം എന്നത് (ആ:പു:6:5). ദൈവം പൂർണ്ണനായതിനാൽ അവനു നൽകേണ്ടതും പൂർണ്ണതയിൽ ആയിരിക്കണം. അതുകൊണ്ടാണു പൂർണ്ണഹൃദയവും പൂർണ്ണമനസ്സും പൂർണ്ണ ശക്തിയും അവനെ സ്നേഹിക്കുന്നതിനു ആവശ്യമായി വരുന്നത്.

ആ ഉദ്ദേശം മനുഷ്യൻ നിറവേററിയില്ല. ദൈവം മനുഷ്യനെ സൃഷ്ടിച്ചിട്ടു അവനോടു കല്പിച്ചു; തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്കു ഇഷ്ടം പോലെ തിന്നാം. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും. മനുഷ്യൻ പൂർണ്ണ ഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടി ദൈവത്തെ സ്നേഹിച്ചിരുന്നുവെങ്കിൽ ആ കല്പന പൂർണ്ണമായി അവൻ അനുസരിക്കുമായിരുന്നു. അവൻ ദൈവഉദ്ദേശത്തിൽ നിന്നും വ്യതിചലിച്ചു. സർപ്പത്താൽ വശീകരിക്കപ്പെട്ട സ്ത്രീ ദൈവം വിലക്കപ്പെട്ട ഫലം പറിച്ചുതിന്നു ഭർത്താവിനും കൊടുത്തു. അവനും ഭക്ഷിച്ചു. ഇതോടുകൂടി ഇരുവരു

ടെയും കണ്ണുതുറന്നു. നന്മതിന്മകളെകുറിച്ചു അവർ അറിഞ്ഞു. ആദ്യമായി അവർ അറിഞ്ഞതു തങ്ങൾ നഗ്നരാണെന്ന വസ്തുത. നഗ്നത മറയ്ക്കുവാൻ അത്തിയില കൂട്ടിത്തുന്നി ഉപയോഗിച്ചു. പൂർണ്ണനായ ദൈവം പൂർണ്ണനായ മനുഷ്യനെ സൃഷ്ടിച്ചു. എന്നാൽ ദൈവകല്പന ധിക്കരിച്ചതിന്റെ ഫലമായി അവൻ അപൂർണ്ണനായി മാറി. അപ്രകാരം മാറിയതിനാൽ ദൈവം അവരെ ശിക്ഷിച്ചു. കഷ്ടവും ഗർഭധാരണവും സ്ത്രീക്കു നൽകി. അവളുടെ ആഗ്രഹം ഭർത്താവിനോടു ആക്കി. അവളെ ഭരിക്കുവാൻ അവനെ ചുമതലപ്പെടുത്തുകയും ചെയ്തു (ഉല്പ: 3:16). കഷ്ടതയോടുകൂടി അഹോവൃത്തി കഴിക്കുന്നതിനും വയലിലെസസ്യം ആഹാരമാക്കുന്നതിനും പൊടിയിൽ നിന്നു എടുത്തതിനാൽ പൊടിയിലേക്കു ചേരുന്നതിനുമായി അവനെശിക്ഷിച്ചു. കൂടാതെ സകല സൗഭാഗ്യങ്ങളും നിറഞ്ഞു നിന്നിരുന്ന ഏദൻ തോട്ടത്തിൽനിന്നും ദൈവം അവരെ പുറത്താക്കി. അങ്ങനെ സൗഭാഗ്യങ്ങൾ അവർക്കു നഷ്ടപ്പെട്ടു.

മനുഷ്യരെ രക്ഷിക്കുന്നതിനായി മനുഷ്യാവതാരം പൂണ്ട ക്രിസ്തു ഈ ലോകത്തിൽ സ്വന്തകാര്യങ്ങൾക്കു വെറും മനുഷ്യനായും മററുള്ളവരുടെ കാര്യങ്ങളിൽ ദൈവവുമായി പെരുമാറി. യഹൂദന്മാർക്ക് ഒരു രാജാവ് ജനിച്ചിരിക്കുന്നുവെന്ന് അറിഞ്ഞ ഹെരോദാരാജാവ് ശിശുവിനെ നശിപ്പിക്കുവാൻവേണ്ടി ശ്രമിച്ചപ്പോൾ മാതാപിതാക്കളാൽ ശിശുവിനെ മിസ്രയീമിലേക്കുകൊണ്ടുപോകപ്പെട്ടു (മത്താ:2:14). വേണമെങ്കിൽ യേശുവിനു അത്ഭുതം കാണിച്ചു രക്ഷപ്പെടാമായിരുന്നു. എന്നാൽ വെറും ഒരു മനുഷ്യശിശുവായി മാത്രമേ യേശു അവിടെ പെരുമാറിയുള്ളു. യേശു പ്രായമായപ്പോൾ വെറും മനുഷ്യനായ സ്നാപക യോഹന്നാനിൽ നിന്നും സ്നാനം സ്വീകരിച്ചു. ആ താഴ്മയിൽ പിതാവ് യേശുവിൽ വളരെയധികമായി പ്രസാദിച്ചു (മത്താ:3:16). സ്നാനം സ്വീകരിച്ചതിനുശേഷം മരുഭൂമിയിൽ വച്ചു പിശാചിനാൽ പരീക്ഷിക്കപ്പെട്ടു (മത്താ: 4:13). ദൈവമെന്ന നിലയിൽ യേശുവിനു തന്നെ പരീക്ഷിക്കുവാൻ പിശാചിനെ അനുവദിക്കാതിരിക്കാമായിരുന്നു. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവാൻ സാധാരണ മനുഷ്യനെപ്പോലെ മററു മനുഷ്യരെയും യേശു ആഹ്വാനം ചെയ്തു (മത്താ: 4:17). മനുഷ്യന്റെ രക്ഷ നിലനില്ക്കുന്നതു മാനസാന്തരത്തിലൂടെയാണ്. താൻ ചെയ്ത തെററുകളെകുറിച്ചു ഒരിക്കൽ മാനസാന്തരപ്പെട്ടിട്ടു വീണ്ടും അതേ തെററുകൾ തന്നെ ചെയ്താൽ അതു ഒരിക്കലും മാനസാന്തരം ആകുകയില്ല. മനുഷ്യൻ എങ്ങനെ ജീവിക്കണമെന്നു ഉപദേശിച്ചതായി മത്തായി 5,6,7 എന്നീ അദ്ധ്യായങ്ങൾ വായിച്ചാൽ മനസ്സിലാക്കുവാൻ കഴിയും. യേശു മനുഷ്യനെന്ന നിലയിൽ ക്രൂശിൽ വേദനകൾ സഹിച്ചു മരിച്ച അവസരത്തിൽ ഏലി ഏലി ലമ്മാ ശബക്താനി (എന്റെ ദൈവമേ, എന്റെ

ദൈവമേ നീ എന്നെ കൈവിട്ടതു എന്ത്?) എന്നു ഉറക്കെ നിലവിളിച്ചു. പ്രാണനെ വിട്ടു (മത്താ: 27:45, 46, 50). ദൈവം മനുഷ്യനായി വന്നപ്പോൾ സാധാരണ മനുഷ്യർ അവനോടു പെരുമാറിയതു ഇപ്രകാരമായിരുന്നു. വീണ്ടും ക്രിസ്തു മനുഷ്യനായി വന്നാൽ സഭാദ്ധ്യക്ഷന്മാർ സ്വമേധയാ മാറി തൽസ്ഥാനത്തു ക്രിസ്തുവിനെ പ്രതിഷ്ഠിക്കുമോ? അതോ ക്രിസ്തുവിനെ വീണ്ടും കുരിശിലേറ്റുവാൻ ശ്രമിക്കുമോ? അതോ വിഷം നൽകി അല്ലെങ്കിൽ വെടിയുണ്ടകൾ പായിച്ചു അവർ അദ്ദേഹത്തെ വധിക്കുമോ? അദ്ദേഹത്തിന്റെ പേരിൽ സ്ഥാനങ്ങളിൽ കയറിപ്പറ്റി അധികാരത്തിനുവേണ്ടി വടംവലി നടത്തിക്കൊണ്ടിരിക്കുന്ന അവർ ക്രിസ്തുവിനെ വധിക്കാതെ വിടുകയില്ല എന്നത് നിശ്ചയമാണ്.

ക്രിസ്തു ദൈവമെന്ന നിലക്കു കുഷ്ഠരോഗികളെ അതിൽ നിന്നു വിമുക്തരാക്കി (മത്താ: 8:3). മരിച്ച ബാലയുടെ കൈപിടിച്ചു എഴുന്നേല്പിച്ചു. മരിച്ചുപോയ ലാസറിനെ ശവക്കല്ലറയിൽ നിന്നും എഴുന്നേല്പിച്ചു (മത്താ: 9:25; 10.1). അശുദ്ധാത്മാക്കളെ പുറത്താക്കുവാനും സകലവിധ ദീനവും വ്യാധിയും പൊറുപ്പിപ്പാനും ശിഷ്യന്മാർക്കും അധികാരം നൽകി. ഈ അത്ഭുതങ്ങളെല്ലാം ക്രിസ്തു സ്വയം രക്ഷപ്പെടുവാൻ ഒരിക്കലും ഉപയോഗിച്ചിരുന്നില്ല.

ക്രിസ്തുവിനെ പൂർണ്ണമായി അനുഗമിക്കുന്നവരാണു ക്രിസ്ത്യാനികൾ. അപ്പോൾ ഒരു ക്രിസ്ത്യാനി മറെറാരു ക്രിസ്തുവായി മാറിയിരിക്കണം. ഇല്ലെങ്കിൽ അവൻ ക്രിസ്ത്യാനി എന്ന നാമത്തിനു അയോഗ്യനാകുന്നു. ഇപ്രകാരമാണെങ്കിൽ ക്രിസ്ത്യാനികൾ എന്നു അഭിമാനിച്ചു നടക്കുന്നവരും ക്രിസ്തീയ സഭാദ്ധ്യക്ഷന്മാരും സ്വയം ആത്മപരിശോധന ചെയ്തു തങ്ങൾ യഥാർത്ഥ ക്രിസ്ത്യാനികളാണോ എന്നു കണ്ടുപിടിക്കട്ടെ. അവർ യഥാർത്ഥ ക്രിസ്ത്യാനികൾ അല്ലെങ്കിൽ അവരുടെ കഴിഞ്ഞ കാലഘട്ടങ്ങളിലെ ജീവിതത്തെ കുറിച്ചു ലജ്ജിച്ചു യഥാർത്ഥ ക്രിസ്ത്യാനികൾ ആയിതീരട്ടെ.

ഒരു യഥാർത്ഥ ക്രിസ്ത്യാനിക്കു ഉണ്ടായിരിക്കേണ്ട സ്വഭാവഗുണങ്ങൾ ഇപ്രകാരമാകുന്നു. ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മററുള്ളവനെ തന്നേക്കാൾ ശ്രേഷ്ടൻ എന്നു എണ്ണണം (ഫിലി: 2:3) ദയ, താഴ്മ, സൌമ്യത, ദീർഘക്ഷമ എന്നിവ അവൻ ധരിച്ചിരിക്കണം. (കൊലൊ: 3:12). എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചു കൊള്ളണം (1 പത്രോ.5:5). ഈ യോഗ്യതകൾ ഉണ്ടായിരിക്കുന്ന ഒരു ക്രിസ്ത്യാനിക്കു പ്രതിഫലം നൽകുവാനും ദൈവം ഒരിക്കലും മടിക്കുകയില്ല. ധനം, മാനം, ജീവൻ കൃപ എന്നിവയാണു അവർക്കു പ്രതിഫലമായി ദൈവം നൽകുന്നത്. (സ: പു:22:4; യാക്കോ: 4:6).

താഴ്മയുടെ വിപരീതമാണല്ലോ അഹങ്കാരം. ഇതു ഒരിക്കലും ഒരു ക്രിസ്ത്യാനിക്കു ഉണ്ടായിരിക്കുവാൻ പാടില്ല. അഹങ്കരിക്കുന്നവർക്കു ദൈവം നൽകുന്ന പ്രതികാരം വലുതായിരിക്കും. ഡംഭികൾക്കു ദൈവം പ്രതികാരം ചെയ്യും (സങ്കീ: 94: 2). ഹൃദയ വിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചിരിക്കുന്നു (ലൂക്കൊ: 1:51). ദൈവം നിഗളികളോടു എതിർത്തു നില്ക്കുന്നു (യാക്കോ. 4:6). ദുഷ്ടന്മാരെ അവരുടെ അകൃത്യം നിമിത്തം സന്ദർശിക്കും. അഹങ്കാരികളുടെ ഗർവ്വത്തെ ഇല്ലാതാക്കും. ഉഗ്രന്മാരുടെ നിഗളത്തെ താഴ്ത്തും.

ഒരു ക്രിസ്ത്യാനിക്കു വേണ്ടതു ദൈവാനുഗ്രഹങ്ങളാണ്, അതു ലഭിക്കണമെങ്കിൽ എളിമയെന്ന കവചം അവനിൽ ഉണ്ടായിരിക്കണം. അതില്ലാതെ ദൈവാനുഗ്രഹങ്ങൾ അവനു ലഭിക്കുവാൻ പോകുന്നില്ല. ഈ കവചം നമ്മിൽ ഉണ്ടോ ഇല്ലയോ എന്നു പരിശോധിച്ചു ഇല്ലെങ്കിൽ ദൈവത്തോടു പ്രാർത്ഥിച്ചു ഈ കവചം ജീവിതത്തിന്റെ അവസാനത്തോളം നമുക്കു ധരിക്കാം.

# നേർവ്വീഥിയിൽ നഷ്ടപ്പെട്ട ഒരാൾ

**ജി. സി. കെ**

അനന്യാസ് എന്ന ശിഷ്യനെ കർത്താവു വിളിച്ച് അവനോട് "നീ എഴുന്നേറ്റു നേർവ്വീഥി എന്ന തെരുവിൽ ചെന്നു, യൂദയുടെ വീട്ടിൽ തർസൊസുകാരനായ ശൌൽ എന്നു പേരുള്ളവനെ അന്വേഷിക്ക; അവൻ പ്രാർത്ഥിക്കുന്നു; അനന്യാസ് എന്നൊരു പുരുഷൻ അകത്തു വന്നു താൻ കാഴ്ച പ്രാപിക്കേണ്ടതിന്നു തന്റെ മേൽ കൈ വെയ്ക്കുന്നതു അവൻ കണ്ടിരിക്കുന്നു എന്നു കല്പിച്ചു". (പ്രവൃത്തി 9:11-12). ശൌൽ എന്തു ചെയ്യണമെന്ന് അറിയിക്കുന്നതിനാണ് അനന്യാസിനെ അവന്റെ അടുക്കലേക്ക് കർത്താവ് അയച്ചത്. അനന്യാസ് ശൌലിന്റെ അടുക്കൽ ചെല്ലുന്നതിനു മുൻപ് ശൌൽ അനേക കാര്യങ്ങൾ ചെയ്തിരുന്നു. അപ്പോഴും അവൻ നഷ്ടപ്പെട്ട അവസ്ഥയിലായിരുന്നു എന്നു നാം പ്രത്യേകം ഓർമ്മിക്കണം.

(ശേഷം അടുത്ത ലക്കത്തിൽ)

# പരിശുദ്ധാത്മ ദാനം

എം. കെ. കുര്യൻ

പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു ഇന്നത്തെ ക്രിസ്തീയ ലോകത്തിൽ വിവിധതരത്തിലുള്ള ആശയങ്ങൾ നിലവിലുണ്ട്. എന്നാൽ പരിശുദ്ധാത്മ ദാനത്താൽ മനുഷ്യരാശിയെക്കുറിച്ചുള്ള ദൈവഹിതം ഇന്നതെന്ന് മനസ്സിലാക്കിയാൽ മാത്രമേ നമ്മുടെ ആശയങ്ങൾ യാഥാർത്ഥ്യവുമായി ബന്ധപ്പെടുകയുള്ളു.

എന്തുകൊണ്ടെന്നാൽ ദൈവകല്പനയെ ലംഘിക്കുക നിമിത്തം മനുഷ്യൻ പാപത്തിനടിമപ്പെട്ടു ദൈവത്തിൽ നിന്നും വേർപെട്ടുപോകയും തന്മൂലം സകല മനുഷ്യരും ആത്മീകമായി മരിച്ച അവസ്ഥയിൽ ആയിത്തീരുകയും ചെയ്തു എന്നു നാം പഠിക്കുന്നു (റോമ 5:12-15). ഈ അവസ്ഥയിൽ മനുഷ്യനു ദൈവാത്മാവിനെ ദാനമായി നൽകുകയും വീണ്ടും ജീവിപ്പിക്കയും തുടർന്നു അവർതന്നെപ്പോലെ സൽഗുണ പൂർണ്ണരാകേണ്ടതിനു ഒരു മാർഗ്ഗം ദൈവം തുറന്നുതരികയും ചെയ്തു. ഈ മാർഗ്ഗം സ്വീകരിച്ചുകൊണ്ടു മരണപര്യന്തം അതിൽ വിശ്വസ്തരായി നിലനില്ക്കുന്നവർക്കു നിത്യജീവനും ദൈവം വാഗ്ദത്തം ചെയ്തു. ദൈവരാജ്യം, സ്വർഗ്ഗരാജ്യം, ക്രിസ്തുവിന്റെ സഭ എന്നിപ്രകാരമെല്ലാം ഈ മാർഗ്ഗം അറിയപ്പെടുന്നു. (മത്താ 5:48; യോഹ 3:3;5; വെളി 1:10). പരിശുദ്ധാത്മ ദാനത്താൽ മനുഷ്യനെ സംബന്ധിച്ചുള്ള ദൈവഹിതം ഇത്രമാത്രമേയുള്ളൂ (യോഹ 3:16).

പുതുതായി ജനിക്കുക, വീണ്ടും ജനിക്കുക, രക്ഷിക്കപ്പെടുക എന്നെല്ലാം തിരുവെഴുത്തുകളിൽ നാം കാണുന്നതിൽ നിന്നും തിരുവെഴുത്തുകളിൻ പ്രകാരം നാം മനസ്സിലാക്കേണ്ടതു പാപത്തിനു അടിമയായിരുന്ന നമ്മിലുള്ള പഴയ മനുഷ്യൻ മരിക്കയും ദൈവത്തിന്റെ ആത്മാവോടുകൂടിയ ഒരു പുതിയ മനുഷ്യനായി നാം ജീവിക്കയും ചെയ്യുന്നു എന്നാണ് (റോമ: 8:11) (6:11). അതേ സമയം തന്നെ ആത്മാവിന്റെ ഫലത്തെ സംബന്ധിച്ചു നാം ശിശുക്കളും ആയിരിക്കും. ഇക്കാരണത്താലാണ് "നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയി വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എ

ന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു' എന്നു ക്രിസ്തു പറഞ്ഞതു് (മത്താ. 18:3). നാം സൽഗുണ പൂർണ്ണരായി വളർന്നു വരേണ്ടതിനുള്ള ദൈവീക സ്വഭാവങ്ങളായ ആത്മാവിന്റെ ഫലത്തെയാണു ശൈശവാവസ്ഥ സൂചിപ്പിക്കുന്നത്. അല്ലാതെ നമുക്ക് ദാനമായി ലഭിക്കുന്ന ആത്മാവോ, നമ്മുടെ ജഡിക ശരീരമോ ശൈശവാവസ്ഥയിലല്ല. ലളിതമായി പറഞ്ഞാൽ പരിശുദ്ധാത്മ ദാനം ലഭിക്കുമ്പോൾ ഒരു വ്യക്തിയിൽ പരിശുദ്ധാത്മാവിന്റെ ഫലം മൊട്ടിടുന്നു എന്നർത്ഥം (ഗലാ 5:22-23).

ആത്മീക വർദ്ധന, ആത്മീക വളർച്ച എന്നെല്ലാം പറയുന്നതു ഈ മൊട്ടുകൾ വിരിഞ്ഞ് പൂവായി ഫലം പുറപ്പെടുവിക്കത്തക്ക വിധം നമ്മിൽ വളർച്ച പ്രാപിക്കുന്ന ഒരവസ്ഥയാണു. അല്ലാതെ ആത്മാവു നമ്മിൽ വളരുന്നില്ല. കാരണം ആത്മാവിനെ അനുസരിച്ചു നടക്കുമ്പോൾ ആത്മാവിന്റെ ഫലം നമ്മിൽ വളർന്നു ആ ഫലം നമ്മിൽ നിന്നും പുറപ്പെടുമ്പോൾ നാം സൽഗുണ പൂർണ്ണരാകുന്നു. ആത്മാവിനെ അനുസരിച്ചു നടക്കുക എന്നു പറഞ്ഞാൽ അതിന്റെയർത്ഥം ക്രിസ്തുവിന്റെ ഉപദേശം (വചനം) അനുസരിച്ചു നടക്കുക എന്നാണ് (യോഹ. 6:63) (1 പത്രോ 1:12) (2 തിമോ 3:16-17).

ആത്മാവിന്റെ ഫലം നമ്മിൽ മൊട്ടിടാതെ ആത്മാവിനെ (വചനം) അനുസരിച്ചു നടക്കുവാൻ നമുക്കു സാദ്ധ്യമല്ല. കാരണം ആത്മീകന്മാർക്കു മാത്രമെ അതു ആത്മീകമായതു വെളിപ്പെടുത്തുകയുള്ളൂ. പരിശുദ്ധാത്മ ദാനം ലഭിക്കാതെ ആത്മാവിന്റെ ഫലം നമ്മിൽ മൊട്ടിടുകയുമില്ല. ചിലർ ചെയ്യുന്നതുപോലെ ഒരു ബാങ്കിൽ നാം കുറെ പണം നിക്ഷേപിച്ചു, ആ നിക്ഷേപം വർദ്ധിപ്പിക്കുന്നതുപോലെ ദൈവം നമുക്കു അല്പാല്പമായി ആത്മാവിനെ നല്കി ആത്മാവിനെ വർദ്ധിപ്പിക്കുന്നില്ല. കാരണം 'അവൻ ആത്മാവിനെ അളവു കൂടാതെയല്ലോ കൊടുക്കുന്നത്' (യോഹ 3:34). വചനമാകുന്ന മായമില്ലാത്ത പാൽകുടിച്ചു വളരുവാൻ തക്കവണ്ണം (1 പത്രോ 2:1-3) പരിശുദ്ധാത്മ ഫലം പരിശുദ്ധാത്മ ദാനത്താൽ നമ്മിൽ ജനിപ്പിക്കുന്നു. മനുഷ്യന്റെ ആത്മീക വളർച്ചക്ക് ദൈവഹിത പ്രകാരം ദൈവത്താൽ സംവിധാനം ചെയ്യപ്പെട്ട ദൈവത്തിന്റെ അന്തിമ പദ്ധതിയുടെ ആദ്യഭാഗമാണിതു.

എന്നാൽ 'അധർമ്മ മൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്കു സാത്താന്റെ വ്യാപാരശക്തിക്കു ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും, അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ ആയിരിക്കും (2 തെസ്സ 2:9). വ്യാജമായ ശക്തിയും അടയാളങ്ങളും അത്ഭുതങ്ങളും, വഞ്ചനയും എന്തെല്ലാമാണ്? അവ ഈ ലോകത്തിൽ നമുക്കു സമാധാനവും സന്തോ

ഷവും കൈവരുത്തണമെങ്കിൽ വിശ്വാസവും പ്രത്യാശയും സ്നേഹവും നമുക്കു ഉണ്ടാകണമെങ്കിൽ വിശ്വസ്തമായ ഒരു ക്രിസ്തീയ ജീവിതം നമുക്ക് ഒരു യാഥാർത്ഥ്യമാക്കണമെങ്കിൽ നിത്യജീവനുള്ള അവകാശം നമുക്കു ലഭിക്കണമെങ്കിൽ ദൈവത്തിന്റെ ദാനമായ പരിശുദ്ധാത്മ ദാനം മതിയാകുന്നില്ല എന്നും അതിനായി പരിശുദ്ധാത്മാഭിഷേകം ആത്മികവരങ്ങൾ മുതലായവ കൂടി ലഭിക്കണമെന്നും മററുമുള്ള ഉപദേശങ്ങളാണു. മാത്രമല്ല അത്ഭുതരോഗശാന്തിവരം, അടയാളങ്ങളും അത്ഭുതങ്ങളും, അന്യഭാഷകൾ മുതലായവയും ഇതിൽ ഉൾപ്പെടുന്നു. പുണ്യവാന്മാരുടെയും പുണ്യവതിമാരുടെയും നാമങ്ങളിൽ നടത്തപ്പെടുന്ന അത്ഭുതങ്ങളും വചനവിരുദ്ധമായ മാനുഷകല്പനകളായ ഉപദേശങ്ങൾ വിപരീത ഉപദേശങ്ങൾ ദുരുപദേശങ്ങൾ എല്ലാം ഇവയിൽ ഉൾപ്പെട്ടിരിക്കുന്നു.

പ്രിയരേ പരിശുദ്ധാത്മ ദാനം ദൈവത്തെ അനുസരിക്കുന്ന സകല മനുഷ്യർക്കും ലഭിക്കുന്ന ദൈവത്തിന്റെ വാഗ്ദത്തമാണു. (പ്രവൃ 2:38;39). അതു നമുക്കു നിത്യസന്തോഷത്തിന് കാരണമായി ഭവിക്കുന്നു (പ്രവൃ. 8:39). സുവിശേഷം കേൾക്ക, വിശ്വസിക്ക മാനസാന്തരപ്പെടുക, യേശുവിനെ ഏററുപറയുക, പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കുക. എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും; നിങ്ങൾ രക്ഷിക്കപ്പെടും. കർത്താവ് നിങ്ങളെ അവന്റെ സഭയോടു ചേർക്കും. തുടർന്ന് മരണപര്യന്തം വിശ്വസ്തരായി ക്രിസ്തുവിന്റെ ഉപദേശത്തിൽമാത്രം നിലനിന്നു ജീവിക്കുക. ഇപ്രകാരം ജീവിക്കുമ്പോൾ നിങ്ങളിൽ ആത്മാവിന്റെ ഫലം കായ്ക്കുകയും തദ്വാരാ ഏതു സാഹചര്യത്തെയും നേരിട്ടു മുൻപോട്ടുപോകുവാൻ നിങ്ങൾ ശക്തരാകയും ചെയ്യും.

അതിനായി ദൈവം നമുക്കെല്ലാവർക്കും കൃപ നൽകുമാറാകട്ടെ.

# നിങ്ങളുടെ സംശയങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും

(1) സങ്കീർത്തനം 82-ാം അദ്ധ്യായം 7-ാം വാക്യത്തിൽ ഇങ്ങനെ കാണുന്നു 'എങ്കിലും നിങ്ങൾ മനുഷ്യരെപ്പോലെ മരിക്കും; പ്രഭുക്കന്മാരിൽ ഒരുത്തനെപ്പോലെ പട്ടുപോകും'. പ്രഭുക്കന്മാരിൽ ആരാണ് പട്ടുപോയതു? കാരണമെന്ത്?

ബൈബിളിലെ ഏതൊരുഭാഗം വായിക്കുമ്പോഴും ആ ഉദ്ധരണിയുടെ സന്ദർഭം നാം നോക്കണം. ആരാണു പറഞ്ഞത്? ഏതു കാലയളവിൽ പറഞ്ഞു? എന്തുകൊണ്ടു പറഞ്ഞു? അതു എന്നെ ബാധിക്കുന്നതാണോ? എന്നീ കാര്യങ്ങൾ പരിഗണിച്ചശേഷം അതിന്റെ അർത്ഥം എന്തെന്നു മററുഭാഗങ്ങളെ കൂടി കണക്കിലെടുത്തു മനസ്സിലാക്കാം. ഇവിടെ പറഞ്ഞിരിക്കുന്ന സന്ദർഭം നമുക്കു നോക്കാം. ദൈവത്തിന്റെ അരുളപ്പാട് ലഭിച്ചിട്ടും അതു പാലിക്കാത്ത ആളുകളെ ന്യായം വിധിക്കുകയാണ്. ദൈവ കല്പന ലഭിച്ചാൽ നീതികേടായി വിധിക്കയും ദുഷ്ടന്മാരുടെ മുഖപക്ഷം പിടിക്കയും ചെയ്യുകയാണ്. ഇസ്രായേൽ ജനത്തെ അഥവാ യെഹൂദജനത്തെയാണ് ദേവന്മാർ എന്നു പറഞ്ഞിരിക്കുന്നതു (യോഹന്നാൻ 10:24) അവർക്കായിരുന്നുവല്ലോ ദൈവത്തിന്റെ പ്രമാണവും ലഭിച്ചിരുന്നതു. എന്നിട്ടും അവർ പീഡിതനേയോ അഗതിയെയോ, അനാഥനെയോ രക്ഷിക്കുവാൻ അവർ കൂട്ടാക്കിയില്ല. അതുകൊണ്ടാണ് അവർ മനുഷ്യരെപ്പോലെ മരിക്കുമെന്നും പ്രഭുക്കന്മാരിൽ ഒരുത്തനെപ്പോലെ പട്ടുപോകുമെന്നും പറഞ്ഞത്. രാജകീയ ഭരണം നിലവിലുണ്ടായിരുന്നപ്പോഴാണ് ഓരോ രാജ്യത്തും പ്രഭുക്കന്മാർ ഉണ്ടായിരുന്നത്. രാജാക്കന്മാരുടെ ഇച്ഛാനുസരണം പ്രവർത്തിക്കാതിരുന്ന അനേക പ്രഭുക്കന്മാരെ അവർ കൊന്നുകളഞ്ഞിട്ടുണ്ട്. സോവനിലെ പ്രഭുക്കന്മാർ ഭോഷന്മാരായി ജീവിച്ചതുകൊണ്ടു ദൈവം അവരെ നശിപ്പിച്ചതായി നാം കാണുന്നു (യെശയ്യാവ് 19-ാം അദ്ധ്യായം). ബാബേൽ രാജാവ്, യെഹൂദാപ്രഭുക്കന്മാരെ ഒക്കെയും രിബ്ലയിൽ വെച്ചു കൊന്നുകളഞ്ഞു (യിരമ്മ്യാവു 52:10).

(2) സങ്കീർത്തനങ്ങളിലെ ചില വാക്യങ്ങൾക്കുശേഷം ബൈബിളിൽ 'സേലാ' എന്നു രേഖപ്പെടുത്തി കാണുന്നു. എന്താണിതു? അതിന്റെ അർത്ഥം എന്താണ്?

പദ്യരൂപത്തിൽ എഴുതപ്പെട്ടിരിക്കുന്ന പഴയ നിയമപുസ്തകങ്ങളുടെ ഒരു ഭാഗമാണ് സങ്കീർത്തന പുസ്തകം. സംഗീതത്തിൽ ഏതെങ്കിലും ഒരു ഭാഗം തീർന്നശേഷം അല്പം ഒന്നു നിർത്തുവാൻ വേണ്ടി ഉപയോഗിക്കുന്ന പദപ്രയോഗമാണ് 'സേലാ' എന്നതു. കാവ്യരൂപത്തിൽ അതിനു യതി എന്നു പറയാം. അതിന്റെ അർത്ഥം വിരാമം എന്നത്രേ.

(ഈ സംശയങ്ങൾ എഴുതി അറിയിച്ചതു പുല്ലംപിള്ളി സാം ജോസ്)

1:3). എന്നാൽ അവൻ ഒരു സാധാരണ മനുഷ്യജീവിതം തെരഞ്ഞെടുത്ത സന്ദർഭമായിരുന്നു അത്. ബൈബിളിൽ നാം വായിക്കുന്നതു; അവൻ ദാസരൂപമെടുത്തു ഒരു ദാസനെപ്പോലെ ജീവിച്ചു എന്നാണ്. അതു കൊണ്ടു നാം തിരുവെഴുത്തിൽ പറയുന്നതുപോലെ ആകണം. "ക്രിസ്തു യേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപമെടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം, ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി തീർന്നു (ഫിലിപ്പിയർ 2:5).

യേശുക്രിസ്തുവിൻെറ സ്വഭാവവും മററു മതാദ്ധ്യക്ഷന്മാരുടെ സ്വഭാവവും തമ്മിൽ ഒന്നു താരതമ്യം ചെയ്താൽ എത്രത്തോളം സാമ്യമുണ്ടാകുമെന്നു ചിന്തിക്കുക. നല്ലഗുരോ എന്നു വിളി സ്വീകരിക്കാതിരുന്ന യേശുവിനെ അനുഗമിക്കുന്നു എന്ന് അവകാശപ്പെടുന്നവർ പോപ്പ് എന്നും ബിഷപ്പ് എന്നും പിതാവെന്നും റെവറൻറ് എന്നും പാസ്റ്റർ എന്നും ഒക്കെ അറിയപ്പെടുന്നു. ഇതു വിരോധാഭാസമല്ലെങ്കിൽ പിന്നെ എന്താണ്? ഇവയിൽ ചില നാമങ്ങൾ ദൈവത്തിനു മാത്രം ഉപയോഗിക്കാവുന്നവയാണ് (സങ്കീർത്തനം 111:10). മതപരമായി നിങ്ങൾ ആരേയും പിതാവ് എന്നു വിളിക്കുന്നതു എന്നു കർത്താവ് കല്പിച്ചിരിക്കുന്നു. അതിനെ ലംഘിച്ചുകൊണ്ട് നിങ്ങൾ മതാദ്ധ്യക്ഷന്മാരെ പിതാവ് എന്നോ അച്ചോ എന്നോ വിളിച്ചാൽ അതു ദൈവ മുൻപാകെ തെററു തന്നെയാണ് "നിങ്ങളോ റബ്ബീ എന്നു പേർ എടുക്കരുത്, ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു; നിങ്ങളോ എല്ലാവരും സഹോദരന്മാർ ആകുന്നു. ഭൂമിയിൽ ആരെയും പിതാവ് എന്ന് വിളിക്കരുതു; ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവ്, സ്വർഗ്ഗസ്ഥൻ തന്നെ. നിങ്ങൾ നായകന്മാർ എന്നും പേർ എടുക്കരുതു. ഒരുത്തൻ അത്രേ നിങ്ങളുടെ നായകൻ; ക്രിസ്തു തന്നെ. നിങ്ങളിൽ ഏററവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും" (മത്തായി 23: 8-12). ഈ ഉപദേശം എല്ലാം വെറുതെ നല്കപ്പെട്ടിരിക്കുന്നുവോ? മനുഷ്യർ ഇന്ന് അവയെ സ്വീകരിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

ഇവിടെ ഈ മനുഷ്യൻ ചോദിച്ച ചോദ്യം ശ്രദ്ധിക്കപ്പെടേണ്ടതും പരിഗണിക്കപ്പെടേണ്ടതുമായ ഒന്നാണ്. 'നിത്യജീവൻ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യണം എന്നായിരുന്നു അവൻെറ ചോദ്യം. അവൻ തൻെറ ആത്മാവിനെക്കുറിച്ച് വളരെയധികം കരുതലുള്ളവനായിരുന്നു എന്നാണ് ഇതു സൂചിപ്പിക്കുന്നതു. ധാരാളം നിക്ഷേപമുള്ള ഒരു

ധനികനായിരുന്നു അവൻ. ഈ ലോകത്തുള്ള യാതൊന്നും അവനെ നിത്യജീവിതത്തിലേക്കു വഴി നടത്തുവാൻ ഉപകരിക്കുകയില്ല എന്നു അറിഞ്ഞിട്ടാകാം അവൻ യേശുവിൻെറ അടുക്കൽ പോയതും. ആത്മാവിനെ കുറിച്ച് ബോധവാനായിരുന്നതു കൊണ്ടാണ് കർത്താവിൻെറ അടുക്കൽവന്നു നിത്യജീവൻ ലഭിക്കുവാൻ എന്തു ചെയ്യണമെന്ന് ചോദിച്ചതു. നിങ്ങളുടെ ആത്മാവിനെകുറിച്ച് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? എനിക്ക് ഭർത്താവിനെയോ ഭാര്യയെയോ എവിടെ കിട്ടും? ഒരു വീട് എവിടെകിട്ടും? ഒരു ജോലി എവിടെ കിട്ടും, അതിനു ശമ്പളം എത്രകിട്ടും എന്നു തുടങ്ങി നിരവധി ചോദ്യങ്ങൾ നിങ്ങളുടെ കഴിഞ്ഞ കാലങ്ങളിൽ നിങ്ങൾ ചോദിച്ചിരിക്കാം. എന്നാൽ നിങ്ങളുടെ പാപ പരിഹാരത്തിനുവേണ്ടി എന്താണ് ചെയ്യേണ്ടതെന്നോ? സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ എന്താണ് ചെയ്യേണ്ടതെന്നോ നിങ്ങൾ എപ്പോഴെങ്കിലും ചോദിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൻെറ ശരിയായ ഉത്തരം നിങ്ങൾക്കു കിട്ടിയിട്ടുണ്ടോ?

രക്ഷകനായ ക്രിസ്തുവിൻെറ അടുക്കൽ വന്നതായ ഈ വ്യക്തി ജീവിച്ചിരുന്നതു പഴയനിയമം പ്രാബല്യത്തിൽ ഇരുന്നകാലയളവിലായിരുന്നു. പുതിയ നിയമം അന്നു പ്രാബല്യത്തിൽ വന്നിരുന്നില്ല. ന്യായപ്രമാണം നിലനിന്നിരുന്ന സാഹചര്യമായിരുന്നു അതെന്ന് നാം ഓർക്കണം (എബ്രായർ 9:15-17). അതുകൊണ്ട് യേശുപറഞ്ഞു, ന്യായപ്രമാണത്തിൽ പറയുന്ന പത്തുകല്പനകൾ പ്രമാണിക്ക എന്നു ഉടനെ അവൻ മറുപടി പറഞ്ഞതു, ഇതൊക്കെയും ഞാൻ എൻെറ ചെറുപ്പംമുതൽ പ്രമാണിച്ചു വരുന്നു എന്നാണ്. എത്ര നല്ല കാര്യമാണ് അല്ലേ? ചെറുപ്പ കാലം തൊട്ടു ദൈവകല്പന മുടക്കം കൂടാതെ അനുസരിച്ചുവന്ന മതഭക്തനായ ഒരു മനുഷ്യനായിരുന്നു എന്നതിൽ തർക്കമേയില്ല. സാധാരണ നമ്മുടെ യുവതീയുവാക്കളിൽ ചിലർക്കുള്ള ധാരണ എന്തെന്നാൽ മതപരമായ കാര്യങ്ങളൊക്കെ പ്രായമായിട്ടു മതി എന്നാണ്. പക്ഷേ അവർ പ്രായമാകുന്നതുവരെ ജീവിച്ചിരുന്നില്ലെങ്കിലോ? ചെറുപ്പകാലത്തിൽ ചെയ്യാവുന്നതെല്ലാം ചെയ്തശേഷം അനാരോഗ്യാവസ്ഥയിലെത്തുമ്പോൾ ദൈവത്തെ ആശ്രയിച്ചാൽ മതിയല്ലോ എന്നതാണ് അവർ ചിന്തിക്കുന്നതു. പക്ഷേ ബുദ്ധിമാനായിരുന്ന ശലോമോൻ, സഭാപ്രസംഗി 12-ാം അദ്ധ്യായത്തിൽ പറയുന്നതു ശ്രദ്ധിക്കുക. 'നിൻെറ യൗവനകാലത്തു നിൻെറ സൃഷ്ടാവിനെ ഓർത്തുകൊൾക; ദുർദിവസങ്ങൾ വരുകയും എനിക്കു ഇഷ്ടമില്ലാ എന്നു നീ പറയുന്ന കാലം സമീപിക്കയും ചെയ്യും'. അതുകൊണ്ടു നമ്മുടെ സൃഷ്ടാവിനെ ഇപ്പോൾ ഓർമ്മിക്കുകയും അവനെ സേവിക്കുകയും ചെയ്യുക. ഇപ്പോൾ നിങ്ങൾക്കു ശക്തിയും ആരോഗ്യവും അവസരവും സമയവും ഉണ്ട്. അതു ദൈവത്തിനായിഉപയോഗിക്കുക.

ഈ മനുഷ്യനെകുറിച്ച് നോക്കുമ്പോൾ മറ്റൊന്നു നമുക്കു കാണാം. അതു അയാൾ ആത്മാർത്ഥതയും സത്യസന്ധതയും ഉള്ള

ആളായിരുന്നു എന്നതാണ്; പക്ഷേ അവൻ നഷ്ടപ്പെട്ടവനായിരുന്നു. യേശു അവനെ നോക്കി അവനെ സ്നേഹിച്ചു; ഒരു കുറവു നിനക്കുണ്ടു: നീ പോയി നിനക്കുള്ളതു എല്ലാം വിററു ദരിദ്രർക്കു കൊടുക്ക; എന്നാൽ നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും: പിന്നെ വന്നു എന്നെ അനുഗമിക്ക എന്നു പറഞ്ഞു. അവൻ തനിക്കുള്ളതെല്ലാം ഉപേക്ഷിക്കണം രക്ഷ കിട്ടുവാൻ എന്നതായിരുന്നില്ല അതിന്റെ അർത്ഥം; മറിച്ച് അവൻ തന്റെ ഹൃദയ നിക്ഷേപ ധനത്തിൽ സൂക്ഷിച്ചിരുന്നതു അവന്റെ വിശ്വാസജീവിതത്തെ എങ്ങനെ ബാധിക്കുമെന്ന് അവൻ അറിഞ്ഞിരുന്നില്ല. വാസ്തവത്തിൽ അവൻ യേശുവിന്റെ ശിഷ്യനായിതീരണമെങ്കിൽ കൊടുക്കേണ്ട വില എന്താണെന്ന് ഈ പരീക്ഷണത്തിലൂടെ യേശു മനസ്സിലാക്കി കൊടുത്തു. കർത്താവിന് അവന്റെ ഹൃദയ വിചാരങ്ങൾ അറിയാമായിരുന്നു. അതുകൊണ്ടാണ് ഒരു കുറവ് അവനിൽ ഉണ്ടെന്നും അതു എന്താണെന്നും വ്യക്തമാക്കിയത്. ആത്മാവിനെക്കാളും മറെറന്തിനേക്കാളും ആ യുവാവ് തന്റെ ഭൂനിക്ഷേപത്തെ സ്നേഹിച്ചിരുന്നു. ഒരേ സമയത്തു രണ്ടു പേരെ പ്രീതിപ്പെടുത്തുവാൻ സാദ്ധ്യമല്ല. ദൈവത്തേയും മാമോനേയും സേവിക്കുക പ്രയാസമാണ് യേശുക്രിസ്തുവിനേക്കാൾ അധികം മാതാപിതാക്കളേയോ മക്കളേയോ സഹോദരങ്ങളേയോ വസ്തുക്കളേയോ നാം ഇഷ്ടപ്പെടുന്നുവെങ്കിൽ നമുക്കു അവന്റെ ശിഷ്യന്മാരായി തീരുവാൻ യോഗ്യതയുണ്ടാവുകയില്ല. ആദ്യം ദൈവം, പിന്നീട് മനുഷ്യ ബന്ധങ്ങളോ സമ്പാദ്യമോ മറെറന്തായാലും ഈ കാര്യം നാം ആരും മറന്നു പോകരുത്.

നിത്യജീവൻ പ്രാപിക്കേണ്ടതിനായി ഒരാൾ ക്രിസ്തുവിനെ അനുഗമിക്കുന്നതിനു മുൻപ് ലൗകികമായ കാര്യങ്ങളിൽനിന്നും അയാളുടെ മനസുതിരിക്കണം. ദ്രവ്യത്തിൽ ഹൃദയം സൂക്ഷിച്ചിരിക്കുകയാണെങ്കിൽ ആ ഹൃദയത്തെ അവിടെനിന്നും ഇളക്കി മാററി സ്വർഗ്ഗീയമായവയിൽ പ്രതിഷ്ടിക്കണം. കർത്താവിന് പിൻഗണനയല്ല; മുൻഗണനയാണ് നാം കൊടുക്കേണ്ടതു, കാരണം അവനാണ് നമുക്കുവേണ്ടി അദ്ധ്വാനിച്ചത്; അവനാണ് നമ്മുടെ രക്ഷകൻ. മാനസാന്തരപ്പെട്ടില്ലെങ്കിൽ നശിച്ചുപോകുമെന്ന യേശുവിന്റെ മുന്നറിയിപ്പ് ഓർമ്മയില്ലേ (ലൂക്കൊസ് 13:3). ഇവിടെ ദുഃഖകരമായ ഒരന്ത്യം നാം കാണുന്നു. യേശുവിന്റെ അടുക്കൽ വന്നതായ മനുഷ്യൻ മാനസാന്തരപ്പെടുവാൻ തയ്യാറായില്ല. അവൻ തന്റെ സമ്പാദ്യത്തെ ഉപേക്ഷിപ്പാനോ, അവയെക്കാൾ യേശുവിനെ സ്നേഹിപ്പാനോ അവനു കഴിഞ്ഞില്ല. സ്വർഗ്ഗത്തിൽ അവനു നിക്ഷേപം വാഗ്ദാനം ചെയ്തിട്ടുപോലും തന്റെ മനസിനെ മാററുവാൻ അവൻ തുനിഞ്ഞില്ല. എത്രഖേദകരമെന്ന് ഓർക്കുക! മതപരമായി ഭക്തൻ, സത്യസന്ധൻ, ആത്മാർത്ഥതയുള്ളവൻ, യേശുവിനെ ബഹുമാനിച്ചവൻ; എന്നാൽ നിത്യജീവനിൽനിന്നും അവനെ അകററി നിർത്തിയതു ഒരേ ഒരു കുറവ്. ഇതു നമുക്കുള്ള ഒരു മുന്നറിയിപ്പാണ്. ന്യായവിധിനാളിൽ ഒരേ ഒരു കുറവു

കൊണ്ടു നിത്യജീവൻ ലഭിക്കാതെ പോയേക്കാം. ധാരാളം ആളുകൾ ഇന്നു ആത്മാർത്ഥതയോടെ തങ്ങളുടെ സമുദായാചാരങ്ങളും മതപരമായ ചടങ്ങുകളും ചെയ്തു സായൂജ്യമടയുകയാണ്.

ദൈവപുത്രനായി വന്ന ലോകരക്ഷിതാവ് അരുളിച്ചെയ്തിരിക്കുന്നതു, കർത്താവേ കർത്താവേ എന്നു വിളിക്കുന്ന ഏവനുമല്ല; സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതു എന്നത്രേ (മത്തായി 7:21). ക്രിസ്തുവിനെ നിങ്ങൾ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നുവോ? (യോഹന്നാൻ 8:24; പ്രവൃത്തി 8:37). നിങ്ങൾ നിങ്ങളുടെ അകൃത്യങ്ങളിൽ നിന്നും മനസ്സു തിരിച്ചിട്ടുണ്ടോ? (പ്രവൃത്തി 2;38, 17;30 പാപമോചനത്തിനായി നിങ്ങൾ മുങ്ങൽ സ്നാനമേററിട്ടുണ്ടോ? (മർക്കോസ് 16:16; പ്രവൃത്തി 22:16). നിങ്ങൾ വിശ്വസ്തനായി- വിശ്വസ്തയായി ക്രിസ്തുവിനെ പിൻ പററുന്നുണ്ടോ?? (വെളിപ്പാട് 2:10) ഈ പറഞ്ഞ കാര്യങ്ങളിൽ ഒന്നു പോലും വിട്ടുകളയാവുന്നതല്ല. ഒരാളുടെ ആത്മാവിന്റെ രക്ഷക്കായി ഇവയെല്ലാം അനുസരിക്കണം. നിങ്ങളിൽ ഏതാണ് കുറവായുള്ളത്. ഏതെങ്കിലും ഒരു കുറവുണ്ടെങ്കിൽ അതു വളരെ വ്യത്യാസം ജനിപ്പിക്കും. യാക്കോബ് നമ്മെ അനുസ്മരിപ്പിക്കുന്നതു ഒന്നിൽ തെററിയാൽ സകലത്തിലും തെററി എന്നാണ്.

നിത്യ ജീവൻ അവകാശമാക്കുവാൻ എന്തെല്ലാം ചെയ്യണമെന്ന് യേശു പറഞ്ഞതു കേട്ട വ്യക്തിയുടെ പ്രതികരണം എന്തായിരുന്നു എന്നു നോക്കാം. അവൻ വളരെ സമ്പത്തുള്ളവൻ ആക കൊണ്ടു ഈ വചനത്തിങ്കൽ വിഷാദിച്ചു ദുഃഖിതനായി പൊയ്ക്കളഞ്ഞു എന്നാണ് നാം വായിക്കുന്നതു. താല്ക്കാലികമായതും നശിച്ചുപോകുന്നതുമായ സമ്പാദ്യത്തിനുവേണ്ടി നിത്യജീവനെ അവൻ ത്യജിച്ചുകളഞ്ഞു. തികച്ചും അപകടമായ തീരുമാനം. അനേകമാളുകൾക്ക് വാസ്തവത്തിൽ യേശുവിനെ ഹൃദയപൂർവ്വം സ്നേഹിച്ച് അനുഗമിപ്പാൻ സാദ്ധ്യമല്ലാത്തതിന്റെ കാരണം ഇതാണ്. ധനത്തെ, മനുഷ്യരെ, കർത്താവിനെക്കാൾ വലുതായി അവർ കണക്കാക്കുന്നു. തന്റെ ക്രൂശെടുത്തു എന്നെ അനുഗമിക്കാത്തവൻ എനിക്കു യോഗ്യനല്ല എന്ന് അവൻ മുന്നറിയിച്ചിട്ടുണ്ട്. നിത്യജീവനെ സ്നേഹിക്കുന്നവൻ ഭൗമികജീവനെ പകക്കും. ഈ ലോകം മുഴുവൻ നേടിയിട്ടും തന്റെ ആത്മാവിനെ ഒരാൾ നഷ്ടപ്പെടുത്തിയാൽ അവനു എന്തു പ്രയോജനം? നാം യേശുക്രിസ്തുവിനു വേണ്ടി എന്തു തന്നെയായാലും ഉപേക്ഷിക്കുവാൻ തയ്യാറാകണം. അങ്ങനെ ചെയ്താൽ ദൈവം നമുക്കു ഇരട്ടി പ്രതിഫലം തരും. നിങ്ങൾക്കു നിത്യജീവൻ ലഭിക്കുവാൻ നിങ്ങളുടെ ജീവിതത്തിൽ തടസമായി നില്ക്കുന്നവയെ നിഷ്ക്കരുണം ഉപേക്ഷിക്കുവാൻ ധൈര്യമുണ്ടോ? നിങ്ങളിലുള്ള കുറവ് നീകത്തുവാൻ കർത്താവ് ആവശ്യപ്പെടുന്നതു നിങ്ങൾ ചെയ്യുമോ? ഞാൻ എന്റെ കർത്താവിനെ പിൻപററും അവൻ പറയുന്നതെന്തും ഞാൻ അനുസരിക്കും നിങ്ങളോ?

# ദൈവം, തന്റെ ജനത്തിന്റെ അഭയം

ജോൺ ജി. ഏബ്രഹാം

ജീവജന്തുക്കൾക്കും സകല മനുഷ്യർക്കും ഓരോ അഭയസ്ഥാനമുണ്ട്. സുരക്ഷിതത്വം ഉറപ്പു വരുത്തുന്ന ഒന്നാണല്ലോ ഇതു്. ദാവീദ് തന്റെ സങ്കീർത്തനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്; 'ജനമേ എല്ലാ കാലത്തും അവനിൽ ആശ്രയിപ്പിൻ; നിങ്ങളുടെ ഹൃദയം അവന്റെ മുൻപിൽ പകരുവിൻ; ദൈവം നമുക്ക് സങ്കേതമാകുന്നു. ദൈവ ഭക്തിയോടെ ജീവിക്കുന്ന ഒരാളുടെ ജീവിതത്തിൽ ദുഃഖവും ദുരിതവും നേരിടേണ്ടി വന്നേക്കാം. എല്ലാ മനുഷ്യർക്കും നേരിടുന്ന പൊതുവായ കാര്യങ്ങളിൽ ഒരു ഭാഗമാണ് ഇവനും അനുഭവിക്കേണ്ടിവരുന്നത്. മററുള്ളവരേ പോലെ ഭക്തനും, രോഗവും, കഷ്ടകാലവും, മരണ വിയോഗ ദുഃഖവും അനുഭവിക്കേണ്ടിവരും. ഇയ്യോബ് പറയുന്നത്, 'സ്ത്രീ പ്രസവിച്ച മനുഷ്യൻ അല്പായുസുള്ളവനും കഷ്ട സമ്പൂർണ്ണനും ആകുന്നു' എന്നത്രെ (ഇയ്യോബ് 14:1). അതിനു പുറമെ അവൻ വസിക്കുന്നതു ശത്രുവിന്റെ രാജ്യത്തിലാണ്. ഈ മരുഭൂയാത്രയിൽ അവൻ അപകടകരമായ കൊടും കാററും ശീതവും കടത്തിവിടും. 'അപ്പോൾ ഭക്തനെതിരായി നീങ്ങുന്ന പകയുള്ള സൈന്യം ആഞ്ഞടിക്കും. ആ സാഹചര്യത്തിൽ അവൻ അശക്തനും അയോഗ്യനും കുറവുള്ളവനും ആകും. ഏതു പ്രതിസന്ധിയിലും അവനെ തുണക്കുന്ന സ്നേഹവാനായ ദൈവം അവന്റെ സങ്കേതവും കോട്ടയുമാകുന്നു. അവനെ വലയം ചെയ്തു സൂക്ഷിക്കുവാൻ സർവ്വശക്തൻ എപ്പോഴും ഉണ്ടാകും. പക്ഷേ ആ അഭയ സ്ഥാനം മറന്നു പോകരുത്.

എപ്പോഴാണ് ദൈവം, തന്റെ ജനത്തിന് അഭയമായിതീരുന്നത് എന്നു ചോദിച്ചേക്കാം? പരീക്ഷണ വേളയിൽ അതിനെ അതിജീവിക്കുവാൻ നിങ്ങൾക്കു സ്വയമായി കഴിയാതെ വരുമ്പോൾ സാത്താൻ പ്രളയമായി വരുമ്പോൾ; കോതമ്പു പാററുന്നതുപോലെ പാററുമ്പോൾ, സാത്താന്റെ കൂർത്ത മുനയുള്ള കുന്തംകൊണ്ടു നേരിടുമ്പോൾ, ഭയാനകമായ വെടിയുണ്ടകൾ പായിക്കുമ്പോൾ എല്ലാം നാം വിശ്വസ്തരാണെങ്കിൽ ദൈവം നമ്മുടെ പക്ഷത്തുണ്ടാകും. ആപൽക്കരമായ കാലാവ

സ്ഥയിൽ, കടുത്ത നിരാശയിൽ, നിന്ദയിലും പരിഹാസത്തിലും, ദൈവം നമ്മുടെ പരിചയായിരിക്കും. ഭൗമികമായ നന്മകൾ നമ്മെ കൈവിടുമ്പോൾ, നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾക്കു പ്രസക്തിയില്ലാതെ വരുമ്പോൾ, എല്ലാം നമുക്കു പ്രതികൂലമാണെന്നു തോന്നുമ്പോൾ; സഹായിക്കുവാൻ ആരും ഇല്ലെന്നുള്ള തോന്നൽ വരുമ്പോൾ നമ്മെ സഹായിക്കുവാൻ, നമുക്കനുകൂലമായി നില്ക്കുവാൻ മനസ്സലിവുള്ള ദൈവമുണ്ട്. യാക്കോബിനേയും ഇയ്യോബിനേയും ദാവീദിനേയും മറ്റനേകായിരങ്ങളേയും സഹായിച്ച ദൈവം ഇന്നും ജീവിക്കുന്നവനായിട്ടുണ്ട്. പട്ടിണിയാൽ ഞെരുങ്ങുന്നവർ ധാരാളമുണ്ട്. പാർപ്പിടമില്ലാതെ വലയുന്നവരുണ്ട്. ദൈവവചന പ്രകാരം ജീവിക്കുന്നവർക്ക് ദൈവം ഇതെല്ലാം തക്കസമയത്തുതന്നെ എത്തിച്ചുകൊടുക്കും. ഇസ്രായേൽ ജനത്തെ അത്ഭുതകരമായി മന്നായും ജലവും നല്കി പോഷിപ്പിച്ചതു ദൈവമായിരുന്നുവല്ലോ. ഏലിയാവിനു അപ്പവും ഇറച്ചിയും വനത്തിൽ എത്തിച്ചുകൊടുത്തതു ദൈവമായിരുന്നു എന്നു ഓർമ്മയില്ലേ? അതേ ദൈവത്തിൽ വിശ്വസിക്കുന്ന നമുക്കും അവൻ നൽകും എന്നതിൽ സംശയമേ വേണ്ട.

ഉപദ്രവവും പീഡനവും ജീവിതത്തിൽ നേരിടുമ്പോൾ കർത്താവ് നമ്മുടെ അഭയസ്ഥാനമാണ്. അവൻെറ കരവലയത്തിൽ അവൻ നമ്മെ കാത്തു പരിപാലിക്കും. പെട്ടെന്ന് ഒരു രോഗം വന്നു എന്നു വിചാരിക്കുക. ആരോഗ്യം രോഗത്തിനു വഴിമാറികൊടുക്കുന്നു. ശക്തി ബലഹീനതക്കും വഴിമാറികൊടുക്കുന്നു. സുഖം വേദനക്കും വഴിമാറികൊടുക്കുന്നു. സന്തോഷത്തിനും ഉല്ലാസത്തിനു പകരം സന്താപവും വിഷമവും അനുഭവപ്പെടുന്നു. ക്ഷീണിതമായ ദിനങ്ങൾ ഏറി വരുമ്പോൾ ഹൃദയവും ജഡവും മനസ്സും പരാജയപ്പെടുന്നു. ഇതുപോലെയുള്ള സന്ദർഭങ്ങൾ നേരിടുമ്പോൾ ദൈവത്തിൻെറ കരുതലില്ലാതെ നിങ്ങൾക്ക് അതിൽ നിന്നു മോചനം കിട്ടുകയില്ല. അവൻെറ സാമീപ്യത്താലല്ലാതെ നിങ്ങൾക്കു സന്തോഷം കിട്ടുകയില്ല. അവൻെറ ശുശ്രൂഷകളേല്ക്കാതെ നിങ്ങൾക്ക് സൗഖ്യം ലഭിക്കുകയില്ല. അവൻെറ സ്നേഹലാളനകളാൽ നിങ്ങൾക്കു ആശ്വാസം ലഭിക്കും. ദൈവത്തിൻെറ കരസ്പർശത്താൽ രോഗം നീങ്ങിപോകും. ആരോഗ്യം പുനഃസ്ഥാപിച്ചു തരും. അവൻ തീർച്ചയായും രോഗികൾക്ക് ഒരഭയം തന്നെ. മരണ ശയ്യയിൽ നിരാലംബാവസ്ഥയിൽ കിടന്നു മരണ വേദന അനുഭവിക്കുമ്പോഴും ആത്മാവ് ശരീരത്തിൽ നിന്നു വേർപെട്ടു ദൈവത്തിൻെറ കൈകളിൽ എത്തുന്നതുവരെ അവൻ നല്ലൊരു സങ്കേതം ആണ്. ഭൗമിക ജീവിതത്തിൽ നാം താളടിയാകാതെ, നശിച്ചുപോകാതെ അവൻെറ ദയവ് നമ്മെ സൂക്ഷിക്കുന്നു. അതു നമ്മുടെ ഉള്ളിലുള്ള ആത്മാവിനെ സൂക്ഷിക്കുവാൻ, വിശുദ്ധമായി ദൈവത്തിനു കൊള്ളാവുന്ന അവസ്ഥയിൽ നിലനിർത്തുവാൻ. അങ്ങനെ നാം ചെയ്താൽ നമുക്ക് എല്ലാവർക്കും സ്വർഗ്ഗത്തിൽ എന്നേക്കും ദൈവത്തോടുകൂടെ വസിക്കാം.

അടുത്തതായി ഏതു തരത്തിലുള്ള അഭയസ്ഥാനമാണ് ദൈവത്തിൽ ഉള്ളതു എന്നു ഒരു പക്ഷേ. ചോദിച്ചേക്കാം. അവൻ സർവ്വശക്തനും മുറിപ്പെടുത്താൻ പററാത്തവനുമാണ്. നിത്യശക്തിയും പൂർണ്ണമായ ഭദ്രതയും ദൈവത്തിലാകയാൽ അവനിൽ പൂർണ്ണാശ്രയം വെച്ച് അനുസരണത്തിൽ നിലനിൽക്കുന്നവർക്കു അവൻ സമീപം എന്നുമുണ്ടാകും. അതെങ്ങനെ നമുക്കറിയാം? അനുഭവത്തിലൂടെ. അദൃശ്യനായ ദൈവത്തിന്റെ പ്രവൃത്തികൾ മനസിലാക്കുവാൻ ആത്മീയ ഗ്രാഹ്യബുദ്ധി വേണമെന്നു മാത്രം. അതുകൊണ്ടാണ് കർത്താവു പറഞ്ഞതു കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ. ഹൃദയം നുറുങ്ങിയവർക്കും മനസുതകർന്നവർക്കും അവൻ തണലേകും. അവർ എവിടെയാണെങ്കിലും ദൈവം അവർക്കു വിദൂരസ്ഥനാവുകയില്ല. അവൻ അവർക്കു സമീപമുണ്ടാകും. നാം കർത്താവിന്റെ അഭയസ്ഥാനം കാംക്ഷിക്കുന്നുവെങ്കിൽ , അവനെ സ്നേഹിക്കുന്നുവെങ്കിൽ അവൻ നമ്മിൽ നിന്നും അകലുകയില്ല. അങ്ങനെ വരുമ്പോൾ അഭയം നൽകുവാൻ അവന് യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെടുകയില്ല. അവൻ നമ്മുടെ അരികെയുണ്ടെന്നു മാത്രമല്ല; നമ്മെ സ്വീകരിക്കുവാൻ തുറന്നമനസ്സുള്ള വ്യക്തിയാണ് അവനെ സ്വീകരിക്കുവാൻ നാം ഒരുക്കമാണോ എന്നതാണ്. ചോദ്യം. പലർക്കും ദൈവത്തിന്റെ അഭയവും അനുഗ്രഹവും കിട്ടാതെ പോകുന്നതു അതുകൊണ്ടാണ്. അജ്ഞത യാലോ അഹംഭാവത്താലോ ഈ അനർഹമായ നേട്ടം നഷ്ടപ്പെടുത്തി കളയരുത്.

നാം അവങ്കലേക്കു ചാഞ്ഞാൽ അവൻ നമ്മിൽ നിന്നും മുഖം തിരിക്കുകയില്ല. പാർപ്പിടമില്ലാതെ വെയിലും മഴയും ഏററു വിഷമിക്കുന്നവർക്കു ഒരു കിടപ്പാടം ലഭിച്ചാൽ എത്ര ആനന്ദകരമായിരിക്കും. ദൈവം നമുക്കൊരു പാർപ്പിടം നൽകാമെന്നു വാഗ്ദാനം ചെയ്തിരിക്കുന്നു. പക്ഷേ നാം ക്രിസ്തുവിന്റെ ഭവനത്തിൽ പ്രവേശിക്കണം. അതിനുള്ള നിബന്ധനകൾ അനുസരിച്ചാൽ മാത്രം മതി. അമിതഭാരം ചുമന്ന് സഞ്ചരിക്കുന്ന ഒരാൾക്ക് അത്താണി കണ്ടെത്തിയാൽ എത്ര ആശ്വാസകരമാണ്. പാപഭാരത്താൽ വലഞ്ഞ് ക്ഷീണിതരായി കഴിയുന്ന എത്രയോ പേർ ഇന്നു നമുക്കു ചുററും കാണുന്നുണ്ട്. കർത്താവ് അവരെ രക്ഷിക്കാമെന്നു പറഞ്ഞിരിക്കുന്നു. അവന്റെ രക്ഷ കിട്ടുമ്പോൾ അതു അവർക്കൊരു അത്താണിയായിരിക്കും. മാനുഷിക നീതിയിൽ ന്യായം ആശ്രയിക്കുന്നവർ ധാരാളമുണ്ട്. പക്ഷേ രക്ഷ അവരിൽ നിന്നും അകന്നിരിക്കും. ദൈവത്തിന്റെ നീതിയും മനുഷ്യരുടെ നീതിയും രണ്ടും രണ്ടാണ്. ദൈവത്തിന്റെ അരുളപ്പാടുകളെ അതേപോലെ സ്വീകരിക്കണം. എങ്കിലേ നാം ദൈവ നീതി പ്രവർത്തിക്കുന്നുള്ളു. അങ്ങനെയുള്ള നീതിമാന്മാരുടെ മേൽ അവന്റെ കണ്ണും ചെവിയും തുറന്നിരിക്കും.

വിഷമസന്ധിയിൽ തന്റെ മക്കളുടെ നിലവിളി അവൻ കേൾക്കും; ആപത്തിൽ അകപ്പെട്ട് കരയുന്ന കുട്ടിയുടെ ദീനരോദനം മാതാപിതാക്കൾ കേൾക്കുന്നതുപോലെ അവൻ അവർക്കു മോചനം അയക്കും. അവനു വികാരമോ ഗതിഭേദമോ ഇല്ല. ഒരിക്കലും മാറാത്ത സ്വഭാവമുള്ള ദൈവത്തിന്റെ അഭയത്തിൽ സംശയിക്കരുത്. ഏതു ദേശത്തിലായാലും ഏതു ഭാഷ സംസാരിക്കുന്നവരായാലും ഏതു പ്രായക്കാരായാലും എല്ലാവർക്കും ലഭിക്കുന്ന ഉറപ്പുള്ള സങ്കേതമാണ് ദൈവം.

നാം ദൈവത്തിന്റെ മക്കളായി തീർന്നാൽ അവന്റെ അഭയസ്ഥാനം നഷ്ടപ്പെടുത്തരുത്. ആ സുരക്ഷിതത്വം വിട്ടുകളഞ്ഞാൽ പിന്നെ അലഞ്ഞുതിരിയേണ്ടിവരും. അനേക ഉദാഹരണങ്ങൾ പഴയ നിയമത്തിലും പുതിയ നിയമത്തിലും നാം വായിക്കുന്നുണ്ട്. ദുഷ്ടൻ വീണാൽ അവന്റെ വീഴ്ചയിൽ അവനെ താങ്ങുവാൻ ആരും കാണുകയില്ല. എന്നാൽ നീതിമാൻ വീണാലും അവൻ നിലം പരിചാകയില്ല എന്നു നാം വായിക്കുന്നുവല്ലോ. ദൈവം നമ്മുടെ പക്ഷത്തുണ്ടെങ്കിൽ, അവൻ നമുക്കു അഭയമായിട്ടുള്ളതുകൊണ്ട് ഭൂമി ഇളകിയാലും, മലകൾ മാറി കടലിൽ പോയി വീണാലും നമുക്ക് ഒരു പോറൽ പോലും ഏൽക്കാതെ അവന്റെ ചിറകിൽ നമ്മെ മറെയ്ക്കും. അവനിൽ ഉള്ള വിധേയത്വം പൂർണ്ണമാണോ എന്നു പരിശോധിക്കുക. എല്ലാ കാലത്തും എന്നേക്കും അവനെ മാത്രം ആശ്രയിക്കുക. അവന്റെ ശ്രദ്ധയ്ക്കും കരുതലിനും സൂക്ഷിപ്പിനുമായി എല്ലാം സമർപ്പിക്കുക. മറ്റെല്ലാം മറന്ന് ദൈവത്തിലേക്കു ഓടുക. അവന്റെ, സഹായത്തിനും സങ്കേതത്തിനും ആയിരിക്കണം. അവന്റെ വചനത്തിൽ അതു നിങ്ങൾക്കു കണ്ടെത്താം. കുഴപ്പങ്ങൾ വരുമ്പോൾ ഒരിക്കലും നിങ്ങളിൽ ആശ്രയിക്കാതിരിക്കുക. ദൈവത്തിന്റെ കൃപയും കരുണയും മനസലിവും കിട്ടുവാൻ അവൻ പറഞ്ഞിരിക്കുന്ന മാർഗ്ഗം സ്വീകരിക്കുക. പാപികൾ തങ്ങളുടെ പാപങ്ങൾ വിട്ടോടട്ടെ. വിശ്വാസത്തോടുകൂടി അനുസരണമുള്ള ജീവിതം കാഴ്ചവെക്കുക. നാശകരമായ ഇപ്പോഴത്തെ കെണിയിൽ നിന്നും സുരക്ഷിതമായ ദൈവ കൈകളിൽ നിങ്ങളെ ഏൽപ്പിക്കുക. നമ്മുടെ ദൈവം എത്ര നല്ലവൻ, അവന്റെ അഭയവും സങ്കേതവും നമുക്കു കൈവരിക്കാം. അങ്ങനെ അന്ത്യനാളിലെ ദൈവകോപം നമ്മിൽ വരാതെ സൂക്ഷിക്കാം.

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

ENGLISH—*The Voice of Truth*—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi-110049.
Mondays— 9 : 00 to 9 : 15 P M.
Fridays— 7 : 45 to 8 : 00 P M.

HINDI—*Satya Susamachar*—Speaker : Sunny David.

All correspondence should be sent to Satya-Susamachar, Post Box 3815, New Delhi-110049.
Thursdays— 7 : 15 P.M to 7.30 P.M
Fridays — 8 : 00 P.M. to 8. 15 P. M.
Saturdays —8.00 P.M. to 8 15 P.M
Sundays — 9.00 A,M to 9.15 A.M

TELUGU—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth Post Box 60, Kakinada-533001.
Sundays— 2 : 30 to 2 : 45 P.M.
Tuesdays— 2 : 30 to 2 : 45 P M.
Thursdays - 2 : 30 to 2 : 45 P.M.
Fridays— 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

TAMIL—*"The Way of Truth"*—Speaker : P. R. Swamy.

All correspondence should be sent to The Way of Truth Post Box 8405, Bangalore-560084.
Tuesdays— 5 : 30 to 5 : 45 P M.
Thursdays— 6 : 45 to 7 : 00 P.M.
Sundays— 6 : 45 to 7 : 00 P.M.

MALAYALAM—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ Trivandrum-34, Kerala.
Tuesdays & Fridays— 3 : 15 to 3 : 30 P.M.

KANNADA—The Voice of truth - Speaker Robert Rathnakar—Box. 448, Bangalore-560004
Sundays 1:45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at P.P Press, for Santhosh Printers Trivandrum.

Reg: No. K. Dis 90095/ 86/ A8,    Regd. No KL/TV (N) 22

* You are Cordially Invited *
To Attend

Services and Bible studies

Sunday 10 a.m.
Tuesday 6.30 p. m

Meeting place

CHURCH OF CHRIST BUILDING
Sunny Meads Lane
Behind Sanskrit College, palayam
Trivandrum-695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

To

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034